2024
M-280
ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല

# വിദ്യാഭിവർദ്ധിനി.

"വിദ്യാധനം സർവ്വധനാൽ പ്രധാനം."

പു: 14 | 109 മീനം. | ലക്കം 13.

## സന്താനനിയന്ത്രണം
### അഥവാ,
## സൽപുത്രലാഭം.

---

(ആലപ്പാട്ട് എൻ. രാമൻനായർ.)

സന്താനനിയന്ത്രണമെന്ന പ്രശ്നമിപ്പോൾ പ്രായേണ പരിഷ്കൃതജനസമുദായങ്ങളുടെ ഇടയിൽ ആലോചനാവിഷയമായിരിക്കുന്നു. ഇതിന്റെ സാധകത്വത്തിൽ ബലപ്രയോഗനിയമങ്ങളും കൃത്രിമോപായങ്ങളും സ്വീകാര്യമായി വരുമ്പോൾ അതു് ദുർദ്ദുഷ്കരവും അസന്മാർഗ്ഗികവും ആയിത്തീരുന്നു. വല്ല നിയന്ത്രണംകൊണ്ടു പരിമിതപ്പെടുത്താമെന്നിരുന്നാലും തന്മൂലം ലഭ്യമാകുന്ന പ്രജാസമുദയം നിർദ്ദോഷമായിരിക്കുമോ! സന്താനങ്ങൾക്കു് ഏതെങ്കിലും ഒരു നിയന്ത്രണത്താൽ സംക്ഷിപ്തഭാവംമാത്രമുണ്ടായാൽ മതിയോ! ആലോചിക്കുന്തോറും ഈവക സാധകമാർഗ്ഗങ്ങളെല്ലാമാശാസ്യമായിരിക്കുന്നില്ല. എങ്ങിനെയെങ്കിലും സന്താനങ്ങളുടെ എണ്ണം കുറച്ചതുകൊണ്ടു് അവയ്ക്കു നാമാശിക്കുന്ന ഗുണങ്ങളുടെ വണ്ണമുണ്ടായിരിക്കുമോ! ഇവയെല്ലാംകൂടി സന്താനനിയന്ത്രണപ്രശ്നത്തിന്റെ ഉപപ്രശ്നങ്ങളായി നാം ചിന്തിക്കേണ്ടതാകുന്നു.

സന്താനനിയന്ത്രണത്തിന്റെ അർത്ഥത്തിൽ ഉള്ള സമ്പത്തിന്റെ വ്യയംകൊണ്ടു തൃപ്തിപ്പെടാൻമാത്രമുള്ള സംഖ്യകളോടുകൂടിയ

അംഗങ്ങൾമാത്രമേ ഉണ്ടായിരിക്കാവൂ എന്ന ഭാവാർത്ഥംകൂടി വിവക്ഷിതമാകുന്നുണ്ട്. എന്നാൽ അതിൻെറ പ്രാധാന്യമേറിയ താല്പര്യാർത്ഥം സല്പുത്രലാഭം എന്നാണെന്ന് ആലോചിക്കുമ്പോളറിയാറാകും. നിയന്ത്രണംകൊണ്ടു ക്ലിപ്തപ്പെടുത്തിയ മൂന്നോ നാലോ പുത്രന്മാർ ഉണ്ടായി എന്നിരിക്കട്ടെ! അവർ രോഗികളും ബുദ്ധിഹീനന്മാരുമായിരുന്നാൽ സമുദായത്തിൽ ഗുണത്തിന്നുപകരം ദോഷവ്യാപ്തി ഉണ്ടാകുന്നില്ലയോ?

അതിനാൽ സന്താനനിയന്ത്രണത്തെ അതിൻെറ സന്മാർഗ്ഗിക വശത്തിൽകൂടി വ്യാഖ്യാനിച്ചു വ്യാപരിപ്പിക്കുമ്പോൾ അതു് ശാസ്ത്രീയമായ രീതിയിൽ ശുഭമാകുംവണ്ണം ലബ്ധമാകുന്നു.

ശാസ്ത്രീയമായ സന്താനനിയന്ത്രണത്താൽ തേജസ്സുമോജസ്സും ബുദ്ധിശക്തിയുമുള്ള ജനവിഭാഗത്തെ സൃഷ്ടിക്കാൻകഴിയും.

മൃഗലോകത്തിൽപോലുമില്ലാത്ത കൃത്രിമവും വിഫലകാമ്യവുമായ കേവലമൈഥുനപ്രസക്തിപ്രചാരം ഇന്നു് ജനസമുദായത്തെ അപൽഗർത്തത്തിൽ പതിപ്പിച്ചിരിക്കുന്നു.

പ്രസ്തുത നിരർത്ഥഗ്രാമ്യധർമ്മാവേശപ്രചാരത്തിൽ നിന്നുമുല്പന്നന്മാരായി രോഗം, ദൌർബ്ബല്യം, ബുദ്ധിഹീനത ഇവയാൽ നിസ്തേജന്മാരായി ദാരിദ്ര്യദുർദ്ദേവതയുടെ സംഖ്യാതീതന്മാരായ കിങ്കരന്മാരായി വ്യാപിച്ചിട്ടുള്ള ആളുകളെക്കൊണ്ടു ജനസമുദായത്തിൽ എന്തെന്നില്ലാത്ത കഷ്ടതനേരിടുമ്പോൾ ഏതാനും ചിന്താശീലന്മാരുടെ മനസ്സിൽനിന്നുളവാകുന്ന ധർമ്മബോധത്തിൽനിന്നത്രേ സന്താനനിയന്ത്രണപ്രശ്നത്തിൻെറ ആവിർഭാവമെന്നു നാമൂഹിക്കേണ്ടിയിരിക്കുന്നു.

ഈ പ്രശ്നത്തിൻെറ ഉത്തമമായ ഉത്തരം വളരെക്കാലംമുൻപു തന്നെ നമുക്കു ലഭിച്ചിട്ടുണ്ട്.

അതു് കാലാനുസൃതവും സമ്മേളനയോഗ്യവും ആയ വിവാഹം, സന്മാർഗ്ഗപരമായ ദാമ്പത്യജീവിതം, നിഷ്ഠയോടുകൂടിയ നിയന്ത്രണാനുഷ്ഠാനം, ബ്രഹ്മചര്യംകൊണ്ടു പ്രാബല്യമാർന്ന നിഷേധം ഏവംവിധങ്ങളായ നിയന്ത്രണാനുഷ്ഠാനങ്ങൾകൊണ്ടു സന്താനനിയന്ത്രണം അഥവാ സല്പുത്രലാഭം സാധിതപ്രായമാകുന്നു.

## വിവാഹകാലം.

സ്ത്രീക്കു ൧൬-ം പുരുഷന്നു് ൨൫-ം വയസ്സ് ആകുന്നമുതൽ ഉണ്ടാകുന്ന ദാമ്പത്യബന്ധം കാലാനുസൃതമായ വിവാഹമാകുന്നു. പാശ്ചാ

ത്ര്യവൈദ്യശാസ്ത്രജ്ഞന്മാർ ഇതിലുംകൂടുതൽ വയസ്സു് പൂർത്തിവേണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. വധൂവരന്മാർ രൂപഗുണശീലപ്രകൃതികൾകൊണ്ടു പരസ്പരം യോജിച്ചിരിക്കേണ്ടതാകുന്നു. അല്ലെങ്കിൽ അവരുടെ അതുല്യമനോഭാവങ്ങൾ മേളിക്കാതെ അസംതൃപ്തിക്കു വിധേയരായിപ്പോകുന്നു.

മേൽപറഞ്ഞപ്രകാരം വിവാഹബന്ധത്തിലുൾപ്പെട്ട ദമ്പതിമാർക്കുതന്നെയും ഉടനെ പുത്രോല്പാദനത്തിൽ ശാസ്ത്രാനുവാദം ലഭിക്കുന്നില്ല.

ദമ്പതിമാരുടെ ശുക്ലാർത്തവങ്ങൾ, ഗുഹ്യാംഗങ്ങൾ, ഹൃദയം, വായുക്കൾ, സ്ത്രീയുടെ ഗർഭാശയം ഇവ ശുദ്ധങ്ങളായിരിക്കുമ്പോൾമാത്രമേ നിഷേകത്തിന്നു ശാസ്ത്രം അനുവദിക്കുന്നുള്ളൂ.

മേല്പറഞ്ഞവയൊക്കെ വാതപിത്തകഫങ്ങളാൽ ദൂഷിക്കപ്പെട്ടു് രോഗങ്ങൾക്കധീനങ്ങളായിരിക്കുമ്പോൾ അശുദ്ധങ്ങളും അല്ലാത്തപ്പോൾ ശുദ്ധങ്ങളുമായിരിക്കുമെന്നറിയണം.

പുരുഷന്റെ രേതസ്സു് രോഗത്താൽ ദൂഷിക്കപ്പെട്ടിട്ടില്ലെങ്കിലും ധാതുക്ഷയംകൊണ്ടു് അല്പായുസ്സായിരിക്കുന്നെങ്കിൽ വാജീകരണംചെയ്തു് അഭിവൃദ്ധിവരുത്തുന്നതിനുമുൻപു് ഗർഭോല്പാദനം ചെയ്യരുതു്.

ഗർഭോല്പാദനവിഷയത്തിൽ സർവ്വവിഘ്നങ്ങളെക്കാളും മകുടീഭൂതമായിട്ടുള്ളതു് മനസ്സിന്റെ അപ്രസന്നതാഭാവമാകുന്നു.

മനസ്സു വികാരത്തെ പ്രാപിക്കാതെ പ്രസന്നമായിരിക്കുമ്പോൾ ഉണ്ടാകുന്ന സന്താനം ശ്രേഷ്ഠതരമായിരിക്കും.

ദാമ്പത്യജീവിതം സന്മാർഗ്ഗികപരം ആയിരിക്കുന്നതും സല്പുത്രദായകമാകുന്നു. സ്ത്രീയും പുരുഷനും നിവൃത്തിയുള്ളിടത്തോളം ഏകഭർത്തൃഭാര്യാസംതൃപ്തന്മാരായിരിക്കണം. ഈ അനുഷ്ഠാനം ദമ്പതിമാരുടെ അല്ലെങ്കിൽ സ്ത്രീപുരുഷന്മാരുടെ രക്തരേതസ്സുകളെ വൃഥാ വ്യയംവരാതെ സംരക്ഷിക്കുന്നു. അതിനാൽ അവയൊക്കെ സല്പുത്രസൃഷ്ടിയിൽ സമർത്ഥങ്ങളായിത്തീരുന്നു. ഇതിനുംപുറമേ രേതസ്സമ്പന്നന്മാർ അരോഗദൃഢഗാത്രന്മാരായിരിക്കുന്നതിനാൽ അവരുടെ സന്താനങ്ങളെ സംരക്ഷിക്കുന്നതിനായുള്ള ധനസമ്പാദനകാര്യവും വിജയപ്രാപ്തമായിത്തീരും.

ഇനിയും ഗർഭോല്പാദനകാലവും അറിഞ്ഞിരിക്കേണ്ടതാകുന്നു. സന്താനോല്പാദനം എല്ലാകാലത്തിലും ലഭ്യമല്ല. പുഷ്പവതി (ഋതുമതി)യായ സ്ത്രീ മാത്രമേ സന്താനോല്പാദനത്തിങ്കൽ കാലാനുസൃതയായ

യിരിക്കുന്നൊള്ളു. ഒരു ചാന്ദ്രമാസത്തിലൊരിക്കൽ സ്ത്രീ ഋതുമതിയാകുന്നു. ഈ ആൎത്തവകാലത്തിൽ ൧൨ ദിവസം യോനി വികസിച്ചിരിക്കുന്നതിനാൽ അത്രയുംദിവസം ഗൎഭോല്പാദനത്തിനുള്ള കാലമാണെന്നുമറിയേണ്ടതാണു്. പ്രസ്തുത ദ്വാദശദിവസങ്ങളിൽ ആദ്യത്തെ മൂന്നു ദിവസങ്ങൾ ഗൎഭോല്പാദനവിഷയത്തിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനുള്ള കാരണവും ഇവിടെ വിവരിക്കാം.

ഒരു ചാന്ദ്രമാസത്തിലെ ഋതുകാലമായ പന്ത്രണ്ടുദിവസങ്ങൾക്കു ശേഷം ബാക്കിയുള്ള ൧൫ ദിവസങ്ങൾകൊണ്ടു ഗൎഭാശയത്തിന്റെ ഭിത്തികളിലെ സിരാമുഖങ്ങളിൽകൂടി സ്രവിക്കുന്ന ദുഷ്ടരക്തം ഗൎഭാശയത്തിൽ സഞ്ചയിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ യോനി (ഗൎഭാശയത്തിന്റെ മുഖമായ അവയവവിശേഷം) സങ്കോചിച്ചിരിക്കുന്നതിനാൽ ആ ദുഷ്ടരക്തം പുറത്തേക്കു പോകുന്നില്ല. ഈ സ്ഥിതിവിശേഷം സ്വസ്ഥമായ സ്ത്രീശരീരത്തിന്റെ ലക്ഷണമാകുന്നു. അങ്ങിനെ (൧൨+൧൫=൨൭) ഇരുപത്തിയേഴുദിവസം കഴിയുമ്പോൾ പിന്നെയും ആൎത്തവകാലം വരികയും ആദ്യത്തെ ദിനത്രയത്തിൽ മേൽപ്രകാരം ഗൎഭാശയത്തിൽ സഞ്ചയിച്ചിരുന്ന ദുഷ്ടരക്തം പുറത്തേക്കു വിസൎജ്ജിക്കയുംചെയ്യുന്നു.

വിസൎജ്ജനയോഗ്യമായ ദുഷ്ടരക്തത്തിന്റെ ബഹിൎഗ്ഗമത്തെക്കുള്ള പ്രവാഹത്താൽ അപ്പോൾ നിഷേകംചെയ്യുന്ന ബീജം ഗൎഭാശയത്തിലേക്കു സ്വീകരിക്കാതെ പുറത്തേക്കു തള്ളപ്പെടുന്നു. ഒരുവേള രക്തസ്രവണത്തിന്റെ വേഗം ഏതെങ്കിലും കാരണത്താൽ ഇല്ലാതെ ഇരുന്നേക്കാവുന്ന അവസരത്തിൽ അസാധാരണമായിട്ടു ഗൎഭോല്പാദനം സംഭവിച്ചേയ്ക്കാം. അപ്രകാരം അശുദ്ധരക്തത്തോടു സമ്മിളിതമായി ഉത്ഭവിക്കുന്ന സന്താനം അശുഭവിഭവമായിട്ടേ വരികയുള്ളു. ഇവയെല്ലാംകൊണ്ടും ആദ്യദിവസങ്ങൾ മൂന്നും നിന്ദ്യങ്ങളായിട്ടു ത്യജിക്കേണ്ടതു നിസ്സംശയം സ്വീകാൎയ്യമാകുന്നു.

മേൽ വിവരിച്ചപ്രകാരം സന്താനകൎത്താക്കളായ സ്ത്രീപുരുഷന്മാരുടെ വയഃപൂൎത്തി, തുല്യയോഗ്യത, സമസ്നേഹം, ആരോഗ്യം, ആൎത്തവകാലാനുസരണം ഇത്യാദി വിഷയങ്ങളനുകൂലമായിരിക്കുമ്പോഴും സന്താനോല്പാദനം സാധുവായിരിക്കുന്നില്ല.

ഋതുകാലം പന്ത്രണ്ടുദിവസങ്ങളെന്നു വൈദ്യശാസ്ത്രജ്ഞന്മാർ ക്ലിപ്തപ്പെടുത്തീട്ടുണ്ടെങ്കിലും ആ ദ്വാദശദിനങ്ങളോടുകൂടെ നാലുദിവസങ്ങൾ കൂടിചേൎത്തു് ആകെ ൧൬ ദിവസങ്ങളായി ചിലർ സ്വീകരിച്ചി

രിക്കുന്നു. ഇതിന്നുള്ള ഹേതു ദ്വാദശദിനങ്ങൾ കഴിഞ്ഞും മൂന്നനാലു ദിവസങ്ങളിൽ ചില സ്ത്രീകൾക്കു ഗർഭമുണ്ടാകുന്നതാകുന്നു.

എന്നാൽ ആ ൧൩-ം ൧൪-ം ൧൫-ം ൧൬-ം ദിവസങ്ങൾ സ്ത്രീയുടെ സന്താനോല്പാദനശക്തിയെ വഹിക്കുന്ന രക്തം, വളരെ ക്ഷീണിച്ചും ഗർഭാശയത്തിന്റെ ബഹിർദ്വാരകവാടം പ്രായേണ അടഞ്ഞുപോകയാൽ ബാക്കി അടയാതെ ഇരിക്കുന്ന അല്പസുഷിരത്തിൽക്കൂടി പുരുഷരേതസ്സിന്റെ ഏതാനും അംശം മാത്രം ഗർഭാശയത്തിൽ പ്രവേശിക്കാൻ സമർത്ഥമായും ഇരിക്കുന്നതിനാൽ അപ്പോൾ ഉണ്ടാകുന്ന ഗർഭം പ്രസവിക്കപ്പെട്ടാലും ശക്തിഹീനമായിപ്പോകുന്നു.

തന്നിമിത്തം ആദ്യത്തെ മൂന്നുദിവസങ്ങളോടുകൂടി ഈ നാലുദിവസങ്ങളും സന്ത്യജിക്കപ്പെട്ടിരിക്കുന്നു.

മേൽപ്രകാരം ഋതുകാലത്തിൽ ഗർഭോല്പാദനത്തിന്നായി സിദ്ധിച്ചിരിക്കുന്ന ദിവസങ്ങൾ ഒൻപതാകുന്നു. ഇവയിൽ പതിനൊന്നാം ദിവസം നപുംസകപ്രജയുടെ ഉത്ഭവത്തിന്നു കാരണമാകയാൽ അതും നിഷേദ്ധ്യമാകുന്നു.

അതിനാൽ ആർത്തവകാലമായ പന്ത്രണ്ടുദിവസങ്ങളിൽ ദോഷദിവസങ്ങൾ തള്ളി ശേഷം ൮ ദിവസങ്ങൾമാത്രം സല്പുത്രലാഭത്തിന്നായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഈ എട്ടുദിവസങ്ങൾക്കുള്ളിൽ കറുത്തവാവു സംബന്ധിച്ചാൽ ആ ദിവസവും വർജ്ജ്യമാകുന്നു.

അമാവാസിദിവസം അനംഗദിവസമാകുന്നു. ആ ദിവസത്തിൽ ശുക്ലാർത്തവങ്ങൾ നിർദ്ദോഷമായും ശക്തിയുക്തമായുമിരിക്കുന്നില്ല. പൌർണ്ണമാസിയും മേൽപ്രകാരം ത്യാജ്യമത്രെ! ഇവകൂടാതെ വ്യതീപാതം, ലാടവൈധൃതങ്ങൾ, ഗുളികോദയം, വിഷ്ടിഗണ്ഡാന്തം മുതലായ ഷഡ്ദോഷദിവസങ്ങൾ നിഷേകത്തിനുചിതമല്ലെന്നു ജ്യോതിശ്ശാസ്ത്രവും നിഷേധിക്കുന്നു. ഇനിയും ഏതാനും കാലവട്ടങ്ങൾകൂടെ വൈദ്യശാസ്ത്രത്തിൽ ത്യാജ്യങ്ങളായി പറയപ്പെട്ടിരിക്കുന്നു.

വസന്തത്തിലും ശരത്തിലും മൂന്നുദിവസം ക്ഷമിച്ചിട്ടു നാലാംദിവസവും വർഷത്തിലും ഗ്രീഷ്മത്തിലും ൧൫ ദിവസങ്ങൾ കഴിഞ്ഞു ഒരു ദിവസവും മാത്രമെ ഗ്രാമ്യധർമ്മത്തിന്നനുവദിച്ചിട്ടുള്ളു.

മേല്പറഞ്ഞപ്രകാരം നിഷിദ്ധദിവസങ്ങളെ തള്ളിയാൽ ഒരു വത്സരത്തിൽ സന്താനോല്പാദനക്ഷമമായി ഏകദേശം ആകെ ൪൦ ദിവസങ്ങൾ മാത്രമെ ലഭിക്കുന്നുള്ളു. ഇങ്ങിനെ സാധിച്ചാൽ അതു് ശരിയായ സന്താനനിയന്ത്രണം അഥവാ സൽപ്പുത്രലാഭം സാദ്ധ്യമാകുന്നു.

ഒരു കൊല്ലത്തിൽ നിയന്ത്രിതമായി ലഭിക്കുന്ന ൯൦ ദിവസങ്ങളിൽ രോഗഗ്രസ്തവും വ്രതാനുഷ്ഠാനവുമായ ഏതാനും ദിവസങ്ങൾ കൂടി ഉപേക്ഷിക്കേണ്ടതായി വന്നേക്കാം.

സൽസന്താനലബ്ധിക്ക് ഇനിയും ഏതാനും കാര്യങ്ങൾകൂടി നാമനുഷ്ഠിക്കേണ്ടതുണ്ട്. മിക്കവാറുമാളുകൾക്ക അവർ സ്ത്രീദ്ര്യവായത്തിലേപ്പെട്ടമ്പോൾ പുത്രലബ്ധിസ്മരണ ഏററവും വിരളമായിട്ടേപാകുന്നു. അങ്ങിനെയുള്ളവരുടെ ഗർഭസിദ്ധി ആ കാലത്തിൽമാത്രം യാദൃച്ഛികമായി അറിയപ്പെടുന്നു. അതായത് അടുത്ത ഋതുഭാവത്തിൻെറ അഭാവത്തിൽമാത്രം. ഓ! എനിക്ക് എൻെറ ഭാര്യയ്ക്കു ഗർഭമുണ്ടെന്നു തോന്നുന്നു. സന്തോഷമായി. ഇങ്ങിനെ പോരാ! കേവലം ഇന്ദ്രിയസുഖത്തെ കാംക്ഷിക്കാതെ സൽപ്പുത്രലബ്ധിക്കുവേണ്ടി വ്രതചര്യയും പ്രാർത്ഥനയും സങ്കല്പവും കലന്നുള്ള മനോഭാവത്തോടുകൂടി ഗ്രാമ്യധർമ്മത്തിൽ പ്രവേശിച്ചെങ്കിലേ സന്താനനിയന്ത്രണവും സൽപ്പുത്രലാഭവുമുണ്ടാവുകയുള്ളൂ. സ്ത്രീബന്ധമായ പരിണയകർമ്മംതന്നെ വെറും ഭോഗസാധനകാര്യമായിട്ടേ ആധുനികലോകം ഒന്നാമതായി കരുതുന്നൊള്ളൂ എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

സന്തോ ഹ്യാഹുരപത്യാർത്ഥം
ദമ്പത്യോസ്സംഗതിം രഹഃ.

ദമ്പതിമാരുടെ രഹസ്സിങ്കലെ സംഗമം സന്തതിക്കായിക്കൊണ്ടത്രെ എന്നു സത്തുക്കൾ പറയുന്നു. അതിനാൽ ഒരിക്കലും വൃഥാ സംഗമാചരിക്കരുത്. അല്ലെങ്കിൽ ആ സംഗമം ഒടുവിൽ സ്ത്രീപുരുഷന്മാർക്ക പരസ്പരം സ്നേഹക്കുറവിനും കലാപങ്ങൾക്കുമിടയാവുകയും ഒട്ടധികം അധന്യന്മാരായ ദുസ്സന്താനങ്ങളെ ജനിപ്പിച്ചു സമുദായത്തെ നരകഗർത്തത്തിലേക്കു നയിപ്പിക്കുകയും ചെയ്യുന്നു.

ദുരപത്യം കുലാംഗാരോ
ഗോത്രേ ജാതം മഹത്യപി.

അപ്രകാരം ഉണ്ടാകുന്ന ദുഷ്പുത്രന്മാർ നല്ലവംശത്തിൽ ജനിച്ചിരുന്നാൽ തന്നെയും കുലത്തെ നശിപ്പിക്കുകയും സമുദായത്തെ ദുഷിപ്പിക്കുകയും ചെയ്യുന്നു.

അതിനാൽ സല്പുത്രദായകമായ സ്ത്രീപുരുഷബന്ധാനുഷ്ഠാനങ്ങൾ സ്വീകരിക്കുമ്പോൾ സമുദായാഭിവൃദ്ധികരമായ സന്താനനിയന്ത്രണം ലഭ്യമാകുന്നു.

സന്താനോല്പാദനത്തിൽ താഴെ പറയപ്പെടുന്ന രോഗങ്ങളുള്ളവർ നിയന്ത്രിതന്മാരായി വിശ്രമിക്കേണ്ടതാകുന്നു.

വാതരോഗംകൊണ്ട് അംഗങ്ങൾ വ്യതിചലിക്കുന്ന ദുഃസ്ഥിതി താം. അശ്മരിയും ബീജദൂഷ്യവും മറ്റുമായ ഗുഹ്യരോഗങ്ങൾ, ത്വഗ് രോഗം, പ്രമേഹം, ഉദരവ്യാധികൾ, ഭഗന്ദരം വർദ്ധിച്ച അർശോരോഗം, ഇടവിടാതെ ബാധിച്ചിരിക്കുന്ന ഗ്രഹണീദോഷം, തലച്ചോറിനെ ബാധിച്ചിരിക്കുന്ന ചിത്തവികാരം, രാജയക്ഷ്മാവ്, ഗർഭാശയത്തെ മലിനപ്പെടുത്തിയിരിക്കുന്ന ഗുന്മാദിരോഗങ്ങൾ, ഫിരംഗരോഗം ഇത്യാദി രോഗങ്ങളുള്ളവർ ചികിത്സകൊണ്ട് ആരോഗ്യത്തെ നേടുന്നതുവരെ മേൽ വിവരിച്ചതുപോലെ സന്താനനിയന്ത്രണത്തിന്നർഹന്മാരാകുന്നു.

ജനസമുദായം സൽപ്പുത്രലബ്ധിയിങ്കൽ മാത്രം ആഗ്രഹമുള്ളതായിത്തീരേണ്ട നിയന്ത്രണപാഠം പരിശീലിക്കുന്നതിൽ പരമായി ഒരു നിയന്ത്രണം ലോകത്തെ അനുഗ്രഹിക്കുവാനില്ല. അതിനാൽ വ്യഥാ സംഭോഗകാമത്തെ അടക്കുവാൻ തക്ക ഇന്ദ്രിയനിയന്ത്രണം എല്ലാവരും ശീലിക്കേണ്ടതാകുന്നു.

ശുഭം.

---

ചികിത്സാസാരസംഗ്രഹാപരനാമകം

ചക്രദത്തം.

ഗൂഢാർത്ഥദീപിക എന്ന ഭാഷാവ്യാഖ്യാനസഹിതം.

പുരാതനങ്ങളായ പല ആയുർവ്വേദഗ്രന്ഥങ്ങളിൽനിന്നും ഇതുവരെ വെളിക്കുവരാത്തവയും സുഖസാദ്ധ്യങ്ങളും ആയ പല സിദ്ധയോഗങ്ങളെ കഷായം, ചൂർണ്ണം, വടകം, തൈലം, ഘൃതം, ആസവം, അരിഷ്ടം മുതലായ രീതിയിൽ സംഗ്രഹിച്ച് ചക്രപാണി കവിയാൽ എഴുതിയിട്ടുള്ള ഒരു ഉത്തമ വൈദ്യഗ്രന്ഥമാണ്. ഇതിൽ ശരീരചികിത്സ മുതൽ വാജീകരണവിധിവരെയുള്ള സകല ചികിത്സകളും സ്നേഹവിധി, വസ്തിവിധി, നസ്യവിധി മുതൽ ഒരു വൈദ്യൻ അറിഞ്ഞിരിക്കേണ്ട സകല കാര്യങ്ങളും ൩൦-ൽപരം അധികാരങ്ങളിലായി വിവരിച്ചിട്ടുണ്ട്. ൧൦൦-ൽ അധികം പേജുള്ള ഈ മഹാഗ്രന്ഥത്തിന്റെ വില തല്ക്കാലം ൪ൽ രൂപാ മാത്രം.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

# ദുർഗ്ഗാസിംഹൻ.

(സി. കെ. വാഴ്ക്കർ.)

## 2.

വാചസ്പതി ടി. സി. പരമേശ്വരൻമൂസ്സത് അവർകൾ പറയുന്നതാണിത്:—"മലയാളത്തിൽ പല ദിക്കിലും ഹിന്തുക്കളുടെ പല പ്രധാന ക്ഷേത്രങ്ങളോടുതൊട്ട് ശാസ്താവിൻെറ ഓരോ അമ്പലംകൂടെ ഉണ്ടായിരിക്കുന്നതും ഹിന്തുക്കൾ യാതൊരു അന്യഭാവവുംകൂടാതെ അവിടെക്കൂടെ ചെന്ന് തൊഴുത് വന്ദിച്ചുവരുന്നതും ഇന്നും എങ്ങും കാണാവുന്നതാണ്. മാത്രമല്ല കരുമാടിക്കുട്ടൻ മുതലായി വേറെയും അനേകം ജൈനദേവവിഗ്രഹങ്ങൾ ഇന്നും നശിക്കാതെ കാണാവുന്നതേയുള്ളു. ജൈനസന്ന്യാസികൾ ഏകാന്തവാസത്തോട്ട് തപസ്സുചെയ്ത് താമസിച്ചിരുന്നതായ അനവധി ഗുഹകളും കല്ലറകളും കൊടക്കല്ലുകളും ഇന്നും ധാരാളം അവശേഷിച്ചു നില്പുണ്ട്. ജൈനമതക്കാരനായ ജീമൂതവാഹനനെന്ന രാജാവിൻെറ ചരിത്രമടങ്ങിയ നാഗാനന്ദ നാടകത്തെ ഹിന്തുദേവാലയങ്ങളിൽ കൂടിയാട്ടത്തിന് ഇന്നും ഉപയോഗിച്ചുവരുന്നു. ജീമൂതവാഹനൻെറ കുടൽമാല കൊത്തിയെടുക്കുകയും പിന്നീട് ഇത് ശംഖചൂഡനെന്ന സർപ്പമല്ല വേറെ ഏതോ ഒരു മഹാപുരുഷനാണ് എന്നറിയുമ്പോൾ അസാമാന്യമായി ലജ്ജിക്കുകയും പശ്ചാത്തപിക്കുകയും ചെയ്ത ഗരുഡൻെറ അതേ നിലയിലുള്ള ഒരു പ്രതിമ പെരുമനം ക്ഷേത്രത്തിൽ ശ്രീകോവിലിൻെറ വടക്കുഭാഗത്തുള്ള ഒരു മട്ടുപാവയായി നില്ക്കുന്നത് ഇന്നുംകാണേണ്ടകാഴ്ചതന്നെയാകുന്നു. ഹിന്തുക്കൾ അക്കാലത്ത് ജൈനമതത്തെ പലവിധത്തിലും കൊണ്ടാടിവന്നിരുന്നു എന്ന് ഇങ്ങിനെ സൂക്ഷിച്ചുനോക്കിയാൽ വ്യക്തമായിക്കാണാവുന്നതാണ്. ഭാഗവതം പഞ്ചമസ്കന്ധത്തിൽ ഭഗവദവതാരമായി വർണ്ണിച്ചു പറഞ്ഞുകാണുന്ന ഋഷഭദേവൻതന്നെയാണ് ജിനദേവൻ എന്ന് ഒരു ജിനസന്ന്യാസി യുക്തിയുക്തമായി ഉപപാദിച്ച് പറഞ്ഞതായി കേട്ടിട്ടുണ്ട്. ഋഷഭദേവൻെറ അന്ത്യകാലത്തെ പാർപ്പും മതപ്രസംഗവും തെക്കേഇന്ത്യയിലായിരുന്നു എന്നുള്ളതിന് വേറെ തെളിവുകളും ഉണ്ട്. അദ്ദേഹം കുടകിൽവച്ചാണ് സിദ്ധിയെ പ്രാപിച്ചതെന്ന് ഭാഗവതം സമ്മതിക്കുന്നു. നാഗാനന്ദനാടകം ക്ഷേത്രത്തിൽ ആടിയാലും ഏകാദശിദിവസം അമരകോശം, അഷ്ടാംഗഹൃദയം എന്നീ അന്യമതഗ്രന്ഥങ്ങൾ ഇന്നും തൊടരുതെന്നുതന്നെയാണ്

READING ROOM ... MALAYINKEEL

മലയാളമട്ടം. അഥവാ ജൈനമതക്കാരുടെയാണെങ്കിൽ ഇന്ന് ആ ചട്ടം മാറുമായിരുന്നു. ജൈനമതക്കാരുടെ അയ്യപ്പനെ വന്ദിക്കുന്നു എങ്കിൽ ഈ ആചാരവും മാറുമായിരുന്നു. അന്യത്രമൂലം അയ്യപ്പൻ ജൈനദേവനല്ലെന്ന് നമുക്ക അനുമാനിക്കാൻ കഴിയുന്നതാണ്.

നവാഭവേൻ യോഗിവരാ നവാന്യേ
ത്വപാലയൻ ഭാരതവർഷഖണ്ഡാൻ
സൈകാസ്ത്വശീതിസ്തവ ശേഷപുത്രാ-
സ്തപോബലാൽ ഭൂസുരഭൂയമീയ്യുഃ.

ഋഷഭദേവന്റെ മൂത്തപുത്രനായ ഭരതന്റെ നാമത്തെ തുടന്നാണ് ഈ ഇന്ത്യാരാജ്യത്തെ ഭാരതവർഷമെന്ന് വ്യവഹരിച്ചു വരുന്നത്.

ശയ്യവ്രതം ഗോമൃഗകാകചൎയ്യാം
ചിരം ചരന്നാപ്യ പരം സ്വരൂപം
ദവാഹൃതാംശഃ കുടകാചലേ ത്വം
താപാന്മമാപാകുരു വാതനാഥ.

എന്നിങ്ങനെ ഭട്ടതിരിപ്പാടുതന്നെ പറയുന്നു. ഋഷഭയോഗിയുടെ അന്ത്യകാലം കുടകിൽവച്ചാണെന്നു സർവ്വസമ്മതവുമാണ്. അയ്യപ്പൻ ജൈനമതക്കാരുടെ ഈശ്വരനാണെങ്കിൽ ഹിന്തുക്കൾ ഋഷഭയോഗിയായ ജിനദേവനേയും വന്ദിക്കുമായിരുന്നു, ഋഷഭദേവൻ ജിനദേവനായത് എങ്ങിനെയാണെന്നു മനസ്സിലാകുന്നില്ല. അമരസിംഹന് എത്രയോകാലം മുൻപാണ് ഭാഗവതം ഉണ്ടായിട്ടുള്ളത്. തൻമൂലം ഭാഗവതത്തെ നാം നോക്കേണ്ട കാൎയ്യമില്ല. ഏതൽകാൎയ്യങ്ങളാൽ അമരസിംഹൻ ജൈനമതക്കാരനല്ലാ ബുദ്ധമതക്കാരനാണെന്നതന്നെവേണം ഊഹിക്കുവാൻ. അമരകോശത്തിൽ സാമാന്യദേവഭാഗം കഴിഞ്ഞു ബുദ്ധന്റെ പൎയ്യായം എടുത്തതുകൊണ്ട് അമരൻ ബുദ്ധമതംതന്നെയാണ് സ്വീകരിച്ചിരുന്നതെന്നു വരുന്നു. അഥവാ ജൈനമതക്കാരനായിരുന്നു എങ്കിൽ കണിശമായും വാചസ്പതി ഊഹിക്കുന്നതുപോലെ ശാസ്താവിനെ പ്രമാണമാക്കി മംഗളശ്ലോകമോ അഥവാ സാമാന്യദേവഭാഗം കഴിഞ്ഞെങ്കിലും വൎണ്ണനയൊ ചെയ്യുമായിരുന്നു. ശ്രീബുദ്ധൻതന്നെ ശ്രീകൃഷ്ണന്റെ അവതാരമാണെന്നാണു ബുദ്ധമതക്കാരുടേയും ഹിന്തുക്കളുടേയും വിശ്വാസം. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ മുൻപിലായി ബുദ്ധദേവനെ വൎണ്ണിച്ചതുകൊണ്ട് അമരൻ ബുദ്ധമതക്കാരനായിരുന്നു എന്നുവേണം ഊഹിക്കുവാൻ. "അഹിംസാപരമോധൎമ്മഃ" എന്ന ബുദ്ധമതതത്വത്തെ ലോകമെങ്ങും പര

ത്തിയ ശ്രീബുദ്ധൻതന്നെയാണ് അർഹതനും ജിനനും, ബുദ്ധനും, ശാക്യമുനിയും ഒന്നുതന്നെ എന്നുള്ള അർത്ഥത്തിൽ രാമാശ്രമി "സർവ്വജ്ഞോവീതരാഗോർഹൻ കേവലീതീർത്ഥകൃജ്ജിന" എന്നൊരു ഭാവവും കാണിച്ച് മടങ്ങുകയാണ് ചെയ്തിട്ടുള്ളത്. ബുദ്ധമതവും ജൈനമതവും കേരളത്തിൽ പുരാതന കാലങ്ങളിൽ ധാരാളം നടപ്പുണ്ടായിരുന്നു. ൱൯൬൭ മീനമാസം ൨൭-ാംതീയതിയിലെ (൯൯൨. പൂരുട്ടാശിമാസം ൨൯-ാംതീയതിയിലെ) നാഗർകോവിലെ നാഗരാജാക്ഷേത്രത്തൂണുകളിൽ എഴുതിയിരിക്കുന്ന ലേഖനങ്ങൾകൊണ്ട് ഗുരുവീരപണ്ഡിതനെന്നും കമലവാഹനെന്നും രണ്ടു പണ്ഡിതന്മാർ ജൈനമതപുരോഹിതന്മാരായിട്ടുണ്ടായിരുന്നു എന്ന് കാണാം. ഏകദേശം എഴുനൂറാമാണ്ടുവരെ കേരളത്തിൽ ജൈനമതക്കാർ ഉണ്ടായിരുന്നു എന്ന് ഭാഷാസാഹിത്യചരിത്രകർത്താവ് ആർ. നാരായണപ്പണിക്കർ അവർകൾ അഭിപ്രായപ്പെടുന്നു. പരേതനായ ബ്രഹ്മശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ സി. എസ്സ്. ഐ. മണിപ്രവാളശാകുന്തളത്തിൻെറ മൂന്നാംപതിപ്പിൻെറ അമുഖോപന്യാസത്തിൽ ഇങ്ങനെ എഴുതികാണുന്നു. "വിക്രമൻ വിക്രമാബ്ദത്തെ പ്രവർത്തിപ്പിച്ച പ്രസിദ്ധനായ വിക്രമാദിത്യൻതന്നെയോ എന്നു നിശ്ചയിക്കാൻ പാടില്ല. പ്രസിദ്ധവിക്രമാദിത്യൻെറ വംശ്യന്മാരായ അനേകം രാജാക്കന്മാർ ഈ സംജ്ഞകൊണ്ടു വ്യവഹരിക്കപ്പെട്ടവരായിരുന്നതായി കാണുന്നുണ്ട്." മേൽപറഞ്ഞ (ധന്വന്തരീക്ഷപണകാമരസിം) ശ്ലോകത്തിൽ പ്രഖ്യാതനായിരിക്കുന്ന വിക്രമൻ മാളവദേശാധിപതിയായി ധാരാ എന്നും ഉജ്ജയനി എന്നും ഉള്ള നഗരങ്ങളിൽ വസിച്ചിരുന്ന ഭോജൻതന്നെയാണെന്നു ഹെബർലിൻ മുതലായ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഭോജൻ ക്രിസ്തുവർഷം ൧൦൨൦—൧൦൮൦—നിടയ്ക്കു ജീവിച്ചിരുന്നതായി അനേകലക്ഷ്യങ്ങൾ ഉണ്ട്. എന്നാൽ കാളിദാസൻ ഭോജനോട് സമാനകാലീനനായിരുന്നു എന്നുള്ള ഐതിഹ്യം നമ്മുടെ ഇടയിൽ എത്രമാത്രം പ്രബലമായിരിക്കുന്നോ അതുപോലെതന്നെ യൂറോപ്യന്മാരുടെ ഇടയിൽ കാളിദാസൻ വിക്രമാദിത്യൻെറകാലത്തു ജീവിച്ചിരുന്നു എന്നുള്ള ബോധം സാധാരണമായിരിക്കുന്നു. കാളിദാസൻ ഭവഭൂതി ദണ്ഡി ചോരൻ മയൂരൻ ബാണൻ മാഘൻ ഭാരവി എന്നുവേണ്ടാ പ്രസിദ്ധകവികളായി അറിയപ്പെട്ടിട്ടുള്ളവരെ ഒക്കെയും ഭോജൻെറ സമാനകാലീനന്മാരായി ഗണിക്കുന്ന അനേകകഥകൾ ഭോജചരിത്രത്തിൽ കാണുന്നുണ്ട്. എന്നാൽ സർ, മാണിയർ വില്യംസ് മുതലായ വിദ്വാന്മാർ കാളിദാസൻ ഭവഭൂതിയെക്കാൾ ആയിരത്തിൽ ചില്വാനം വത്സരങ്ങൾക്കു മുമ്പിൽ ജീവിച്ചിരുന്നതായിട്ടാണു പറയുന്നത്. അവരുടെ മതത്തിൽ ധന്വന്തരീക്ഷപണകേത്യാദി

ശ്ലോകത്തിന്റെ പ്രാമാണ്യത്തെക്കുറിച്ചു വിപ്രതിപത്തിയുള്ളതായിതോന്നില്ല. എന്നാൽ വിക്രമൻ എന്നും ഭോജൻ എന്നും ഉള്ള നാമധേയങ്ങൾ മറ്റു രാജാക്കന്മാൎക്കും ഉണ്ടായിരുന്നതായി പറയപ്പെടുന്നതുപോലെ കാളിദാസൻ എന്നുള്ള പേർ മറ്റു കവികൾക്കും ഉണ്ടായിരുന്നു എന്നു വരരുതൊ. ധന്വന്തരിക്ഷപണകാദികളോടുകൂടി വിക്രമാദിത്യസദസ്യനവരത്നങ്ങളിൽ ഒന്നായി പറയപ്പെട്ടിരിക്കുന്ന കാളിദാസൻ വേറെതന്നെ ആയിരിക്കാം.

മഹാകവി ബാണൻ.

നിൎഗ്ഗതാസു ന വാ കസ്യ കാളിദാസസ്യ സൂക്തിഷു
പ്രീതിൎമ്മധുരസാൎദ്രാസു മഞ്ജരീഷ്വിവ ജായതേ.

ഗോവൎദ്ധനാചാൎയ്യർ.

സാകൂതമധുരകോമള
വിലാസിനീകണ്ഠകൂജിതപ്രായേ
ശിക്ഷാസമയേപി മുദേ.
രതലീലാ കാളിദാസോക്തിഃ.
ഉപമാ കാളിദാസസ്യ
ഭാരവേരൎത്ഥഗൌരവം
ദണ്ഡിനഃപദലാളിത്യം
മാഘേ സന്തി ത്രയോ ഗുണാഃ.

ഏതൽകാരണങ്ങളാൽ കാളിദാസന്റെ കാലം ൧൦൪൦-മുതൽ ൧൦൫൦-വരെയാണെന്ന് അദ്ദേഹത്തിന്റെ അഭിപ്രായംകൊണ്ടും കാണുന്നു.

തസ്യശ്രീഭോജഭൂപാലബാലമിത്രം കവീശ്വരഃ
ശ്രീമാഘോനന്ദനോ ബ്രാഹ്മി സ്യാന്ദനാഖില ചന്ദന
ഐദംയുഗീനലോകസ്യ സാരസാരസ്വതായിതം
ശിശുപാലവധം കാവ്യം പ്രശസ്തിൎയ്യസ്യശാശ്വതീ.
ശ്രീമൽസുപ്രഭദേവനിൎമ്മലകലാലംകാരചൂഡാമണി.
ശ്രീമൻ മാഘകവീശ്വരസ്യ സഹജപ്രേക്ഷാപരീക്ഷാനിധിഃ.
തദ്വൃത്തം പരിചിന്ത്യ കുഗ്രഹ പരിഷ്വംഗം കഥം ചിൽക്കലി-
പ്രാഗല്ഭ്യാദപി സംഗതം ത്യജതഭോ ലോകദ്വയശ്രദ്ധയേ.
ഏതൽപ്രബന്ധത്രയവിലോക നേനശിശുപാല
വധ കാവ്യകൎത്താ മാഘകവി ക്രൈസ്താബ്ദീയൈകാ-
ദശ ശതകോത്തരാൎദ്ധേമാളവദേശം ശാസതേ
ധാരാനഗരാധിപതേഃ ശ്രീഭോജദേവസ്യാസമകാലീന അസീദതിപ്ര

തീയതേ പരമേതാദൃശേ സമയനിൎണ്ണയാദിഗ്യതികാരേ ഭോജപ്രബന്ധ ചിന്താമണി പ്രഭാവകചരിതാദയോ ന ശ്രദ്ധാപഥമദ്ധ്യാസതേ യതസ്തത്രാതി പ്രതീതേഷു ബഹുഭിനിൎണ്ണീതേഷു വിഷയേഷ്വപി ഭൂയാനവിപൎയ്യയഃ സമുപലഭ്യതേ എന്നു് മാഘചരിത്രത്തിൽകാണുന്നു. ഇനി ഗീതഗോവിന്ദകൎത്താവായ ജയദേവന്റെ ചരിത്രം നോക്കാം.

വാചാ പല്ലവയത്യുമാപതി രഥ
    സന്ദൎഭശുദ്ധിംഗിരാം
ജാനീതേ ജയദേവ ഏവശരണ-
    ശ്ലാഘ്യോ ദുരൂഹാദൃതേ
ശൃംഗാരോത്തരസൽപ്രമേയരചനൈ-
    രാചാൎയ്യഗോവൎദ്ധന-
സ്സ്പൎദ്ധീ കോऽപി നവിശ്രുതശ്രുതിധരോ
    ധായ്യഃകവിക്ഷ്മാപതിഃ.

ജയദേവനാമകവിവരശ്രീഭോജദേവതനയ അയം ശ്രീജയദേവോ വംഗദേശേന്തിംദുബില്വഗ്രാമേ ബഭൂവ അയം ജയദേവബോപദേവസ്യഭ്രാതാऽऽസീൽ. വിക്രമാൎക്ക സംവത്സരം ൧൨൩൨-ാംവൎഷത്തിലാണു് ഇദ്ദേഹത്തിന്റെ ജനനമെന്നു് കാണുന്നു. പ്രബന്ധഭൂഷണത്തിൽ കെ. പി. എം. ഇങ്ങിനെ എഴുതിക്കാണുന്നു. ക്രിസ്ത്വബ്ദാരംഭത്തിനുമുമ്പു് ജീവിച്ചിരുന്ന ശ്രീ വിക്രമാദിത്യരാജാവിന്റെ കാലമായിരുന്നു സംസ്കൃതഭാഷയുടെ ശുക്രകാലം. അന്നാണു് ഈ ഭാഷയിലെ പ്രധാനപ്പെട്ട പല സാഹിത്യഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും ഉണ്ടായിട്ടുള്ളതു്. സ്വതേ പണ്ഡിതനും പണ്ഡിതന്മാരെ ബഹുമാനിക്കുന്നതിൽ വിദഗ്ദ്ധനും ആയ വിക്രമാദിത്യന്റെ സഭയിൽ നവരത്നങ്ങൾ എന്നു കേൾവിപ്പെട്ട ഒമ്പതു പണ്ഡിതന്മാർ ഉണ്ടായിരുന്നു. അമരസിംഹൻ യഥാൎത്ഥത്തിൽ ഇതരമതക്കാരനല്ലെന്നും ബ്രാഹ്മണനു് ശൂദ്രസ്ത്രീയിൽ ജനിച്ച സന്താനമാണെന്നും വ്യക്തമാണല്ലൊ. അതുകൊണ്ടു് ബ്രാഹ്മണമതത്തിന്നെതിരായ ഒരു മതക്കാരന്റെ കൃതിയെ ഹിന്തുക്കൾ ആദരിക്കുന്നതു് "ബാലാദപിസുഭാഷിതം" എന്ന മനുവചനപ്രകാരം അടങ്ങുന്നുള്ള സമാധാനവും എന്നിട്ടും പ്രതിദിനമായ ഏകാദശിദിവസം ഇതു് പഠിക്കരുതെന്നുള്ള നിഷേധവും ഒക്കെ വെറുതേതന്നെ യഥാൎത്ഥത്തിൽ നമ്മുടെ അമരകോശത്തിന്റെ—ഉദ്ദേശം ൨൦൦൦ കൊല്ലത്തോളമായി നാം പഠിച്ചുവരുന്ന അമരകോശത്തിന്റെ—പ്രണേതാവു് ഒരൊന്നാന്തരം ഹിന്തുവാണു്. ഇപ്പോൾ അമരസിംഹൻ ഹിന്തുവൊ, ജൈനനൊ, ബുദ്ധനൊ ആണെന്നു് പ്രത്യേകം പ്രത്യേകം ആലോചിക്കേണ്ടതാണു്, അമരസിംഹൻ

“ശൂദ്രോയമമര” എന്ന പ്രമാണമായിരിക്കാം പണ്ഡിതരെ വഴിതെററിച്ചതെന്നു തോന്നുന്നു. തൽശ്ലോകം അമരൻ=മരണമില്ലാത്തവൻ എന്ന അനപത്ഥത്തിൽ അതിശയോക്തിയോ പൂർവ്വകവിസ്മരണയൊ ചെയ്യതല്ലാതെ കണിശമായിട്ടും അമരൻ ഹിന്ദുവോ ജൈനനോ അല്ല. ചന്ദ്രോത്സവകത്താവുതന്നെ.

സുഖയതിസുകുമാരാ കാളിദാസസ്യവാണീ
പരിചിതഗതിമുഞ്ചി ച്ചാരുസാരസ്യതല്പാൽ-
ക്കടലിൽ മുഴവനന്വേഷിച്ചെട്ടത്തർത്ഥരത്നം
പരിമളമണിമാലാം നാടകാകാരിണീയഃ
സ്ഫുടമരമയദസ്മ പ്രീതയേ മേ മുരാരിർ-
ജ്ജയതി ബിരുദമാലാ ഭട്ടബാണസ്യവാണീ
ശ്രീശങ്കരേണ വിദുഷാ കവിസാർവ്വഭൗമേ-
നാനന്ദമന്ദഗതിനാപുരതാഗതേന
ശ്രീമന്മുകുന്ദമുരളീമധുരാന്നതരേണ
പദ്യൈരവദ്യരഹിതൈരനുവർണ്ണ്യമാനി
എന്നു വർണ്ണിച്ചിട്ടുള്ള ഭാഗം നോക്കുക.

ഐതിഹ്യത്തെമാത്രം മുൻനിറുത്തിയോ അങ്ങുമിങ്ങും കാണുന്ന ചില ശ്ലോകങ്ങളെമാത്രം അടിസ്ഥാനപ്പെടുത്തിയോ ഒരാളുടെ ജീവചരിത്രം ഖണ്ഡമായി എഴുതുവാൻ അസാദ്ധ്യമാണല്ലോ. എന്നാൽ ഐതിഹ്യം കർണ്ണാകർണ്ണികയാ പാഠമായി ഇന്നും നാം കേൾക്കുന്നു. ഏറെക്കുറെ അവാസ്തവമാണെങ്കിലും ചിലതൊക്കെ ഉള്ളതായിട്ടും വരണം. കവികൾ അവരവരുടെ വാഗ്ധോരണിപ്രകാരം കവിതകൾ എഴുതി എന്ന് വരരുതോ. ചിലകൂട്ടർ അമരനെ പാണിനിയോട്ട് സമനാക്കി വർണ്ണിക്കുവാനോ അഥവാ പാണിനിയുടെ സമകാലീകനാക്കാനോ തുടങ്ങുന്നു. ചിലർ വിക്രമാദിത്യന്റെ സദസ്യനാക്കാൻ വലിച്ചിഴയ്ക്കുന്നു. അമരനെ വിക്രമാദിത്യന്റെ സദസ്യൻ ആണെങ്കിൽ എല്ലാ കവികളും വിക്രമാദിത്യന്റെ സദസ്യർതന്നെ. അഥവാ കാളിദാസന്റെ സമകാലികനായി വർണ്ണിച്ചുകാണുന്ന ഭോജനു് വിക്രമൻ എന്ന് സ്ഥാനപ്പേരു വരരുതോ. ജഗൽഗുരു ശ്രീശങ്കരാചാര്യർ അമരസിംഹനെക്കണ്ടു് വാദംനടത്തി എന്നു പറയുന്നു. അതു് മംഗളോദയക്കാരോ വിദ്യാവാചസ്പതിയോ പ്രശ്നംവച്ചു് കണ്ടുപിടിച്ചിട്ടുള്ളതാണൊ. അമരസിംഹൻ ഏറെക്കുറെ ശങ്കരാചാര്യരുടെ കാലത്തു് ജീവിച്ചിരുന്ന ഒരു മഹാനാണെന്നുവേണം പറയുവാൻ. ബുദ്ധമതോദ്ധാരകനായിരുന്ന കുമാരിലഭട്ടരോട്ടു് ആചാര്യർ വാദംനടത്തി ജയിച്ചതും ഹിന്ദുമതത്തെ സ്ഥാപിക്കാനാണു്. അതുപോലെ അമരസിംഹനുമായി ബു

ദ്ധമതത്തെപ്പററി വാദിച്ച് ഹിന്തുമതം സ്ഥാപിക്കാനായി ജയിച്ചു എന്നു വരുന്നത് ഒട്ടും അസംഭാവ്യമാണെന്ന് തോന്നുന്നില്ല. അഥവാ ശാംകരവിജയത്തിൽ കാണുന്നത് മുഴുവനും യഥാത്ഥവും അതിൽ വിവക്ഷിച്ചിട്ടില്ലാത്തത് അസംഭവ്യമാണെന്ന് ഒരിക്കലും വിശ്വസിച്ചുകൂടാ. ശാംകരവിജയകത്താവിന് ഈ ഭാഗം വിട്ടുപോയി എന്ന് വരുതൊ. ശാംകരവിജയം യഥാത്ഥമാണെങ്കിൽ ഈ വാദകോലാഹലം നിഷ്ഫലം തന്നെ. അമരസിംഹൻെറ അമരകോശമല്ലാതെ വേറെ ഗ്രന്ഥങ്ങൾ ഉള്ളതായി കാണുന്നില്ല. എന്നാൽ ഭഗവൽഗീതപോലെ വളരെ പ്രഖ്യാതമുള്ള ഒരു ഗ്രന്ഥമാണ് അമരകോശം. സംസ്കൃതത്തിൽ ക്ഷീരസ്വാമിയാൽ എഴുതപ്പെട്ട "അമരകോശോൽഘാടനം" രായമുകടൻെറ "പദചന്ദ്രിക" മഹാദേവൻെറ "ബുധമനോരമ" കൃഷ്ണദീക്ഷിതരുടെ "പീയൂഷവ്യാഖ്യാ" പരമാനന്ദമൈഥിലിയുടെ "അമരചന്ദ്രിക" ലിംഗസൂരിയുടെ "പദവിവൃതി" ഭാനുജിദീക്ഷിതരുടെ "വ്യാഖ്യാസുധാ" മഹേശ്വരൻെറ "അമരവിവേകം" (മഹേശ്വരടീക) "ബൃഹദ്വൃത്തി" "ലിംഗഭട്ടീയം" "അമരപദാത്ഥദീപിക" "കന്നാടകഭാഷാവ്യാഖ്യാനം" ഇത്രയും വ്യാഖ്യാനം ഇന്നു കാണുന്നുണ്ട്. മലയാളത്തിൽ "അമരപദാത്ഥപ്രകാശിക" "തമുറംകുത്ത്" "പ്രബോധിനി" "ബാലപ്രിയ" "ബാലബോധിനി" "അമരകോശം പാരമേശ്വരി" "അമരപദാത്ഥപ്രകാശിക" എന്നൊരു ബുക്ക് മൂലവും അത്ഥവും മാത്രം വിവരിക്കുന്നതുമായി കാണുന്നുണ്ട്. എന്നാൽ മലയാളവ്യാഖ്യാനങ്ങളിൽ ഒന്നാംകിടയായി നിൽക്കുന്നത്. വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സത് അവർകളുടെ "പാരമേശ്വരി"യാണെന്നു സന്തോഷസമേതം ഇവിടെ പ്രസ്താവിക്കുന്നു. ഇതിനുമുമ്പ് ഒന്നാംകിടയായി നിന്നിരുന്നത് "ബാലപ്രിയ"യാണ്. വാചസ്പതി പാരമേശ്വരിക്കുവേണ്ടി ചെയ്ത പ്രയത്നം ഏററവും ശ്ലാഘനീയം തന്നെ.

ശങ്കക്കാററുപദാത്ഥവാദ്ധിയിൽ മനപ്പാവച്ചുപായും സുധീ-
വങ്കപ്പൽക്കുതടസ്ഥമാകിലതിനെക്കു സാതെപോയീടുവാൻ
സങ്കല്പിച്ചു രചിച്ചൊരീത്വദമരവ്യാഖ്യാനമെന്നും സദ-
സ്സിങ്കൽ പണ്ഡിതപാമരാവലിസമം സവ്വത്രകൊണ്ടാടിടും.

എന്ന് വിജ്ഞാനപൂരാണമാസികാ പ്രസാധകൻ പി. നാരായണപ്പിഷാരടി എഴുതിയ അഭിപ്രായം ശാശ്വതമായി നിലനിൽക്കട്ടെ. ഈ അമരസിംഹൻെറ ചരിത്രത്തിൽ പല അഭിപ്രായവ്യത്യാസം വന്നേക്കാം. വിദ്വാൻമാരുടെ അഭിപ്രായവും അര്‍. നാരായണപ്പണിക്കർ അവർകളുടെ അഭിപ്രായവും ഈ വിദ്യാഭിവർദ്ധിനിവഴി അടുത്തലക്കത്തിൽ പ്രസിദ്ധപ്പെടുത്തിക്കാണുവാൻ താല്പയ്യപ്പെടുന്നു.

# ശോകാതുരനായ ഗോപാലകൃഷ്ണൻ.

---

(വിദ്വാൻ. കെ. നീലകണ്ഠൻ. റ്റി. മലയാററൂർ.)

ഹ്രദംപൊലിഞ്ഞക്കനമന്നുകണ്ടുൾ-
മദംകുറഞ്ഞാവ്രജരാജിതന്നിലെല്ലാം,
പദംപതിക്കാതെ പതുക്കെയെഗ്ഗോ-
കദംബമെല്ലാമരികത്തണഞ്ഞു. 1

ശ്രവിയ്ക്കുമാറായമൃതാർണ്ണവത്തിൽ
രവപ്രമാണം മുരളീനിനാദം,
സ്വവൃത്തിചെയ്യും വ്രജവാസിലോകം
നിവൃത്തരായച്യുതപാർശ്വമെത്തി. 2

അശോകയായ് തന്നരികത്തണഞ്ഞാ-
യശോദകെട്ടിപ്പുണരുന്നനേരം,
സശോകമാ യാദവവംശനാഥൻ
കിശോരനേവം വിവശംപറഞ്ഞാൻ. 3

ധരിയ്ക്കൊലാഞാൻ കുലവൃത്തിചെയ്വാൻ
വിരക്തിമൂലംപറയുന്നവെന്നായ്,
ഒരുക്കമമ്മേപശുപാലനാർത്ഥം,
മരിക്കുവാനും മടിയില്ലതെല്ലും. 4

അടിയ്ക്കടിയ്ക്കീവക ഖേമദണ്ഡം
മിട്ടുക്കെനിയ്ക്കില്ല സഹിച്ചിരിപ്പാൻ
തട്ടത്തിടാതീവിധമാചരിച്ചാൽ
ചടച്ചുപോമീനവനീതകായം. 5

അദഭ്രശുഭ്രംഗഗനേശ്രവിച്ചും-
ബുദസ്വാനംകുണ്ഡലിയെന്നപോലെ
ഉദഗ്രശോകാത്തയശോദയപ്പോൾ
വദിച്ചുഴൽക്കെന്തവകാശമുണ്ണീ.? 6

കഥിച്ചുകണ്ണൻ കമനീയവർണ്ണൻ
വ്യഥയ്ക്കധീനൻ വിവശസ്വരത്തിൽ
പഥിപ്രയാണം പരിതാപശൂന്യ-
മതഃപരംദുഷ്കരമോത്തുവാനും. 7

അരണ്യദേശങ്ങളിലങ്ങുമിങ്ങും
പിരിഞ്ഞുപോംധേനു കരഞ്ഞിടുമ്പോൾ
വിരഞ്ഞുഗോപാലരകന്നുവെന്നാൽ
വരുന്നുപാന്ഥേവനിതാസമൂഹം. 8

പടുത്വമേറുന്നൊരു നാരിനേരി-
ട്ടുടക്കവേമറ്റൊരു സന്നതാംഗി,
തടുത്തുകൊണ്ടങ്ങിനെ നില്ക്കുമപ്പോൾ
പിടിച്ചിഴയ്ക്കും ചിലരങ്ങുമിങ്ങും. 9

തരംവരുമ്പോളവരെൻശരീരം
തുരന്നിടാൻചൂചുകകണ്ടകത്താൽ
ഒരുങ്ങിയമ്മാറാടണയ്ക്കുവേണോ-
ന്നരിഞ്ഞപൎണ്ണത്തിനു തുല്യമാകും. 10

കഷായമെന്നല്പപമൃത്യുവേകും
വിഷാശനംപോലുമെനിയ്ക്കുസാധ്യം
വിഷാദവുംഭീതിയുമുണ്ടനല്പം
വിഷാന്നതുല്യംകുചസംഗമത്തിൽ. 11

സരിൽജലക്രീഡയിലേർപ്പെടുമ്പോൾ
കരയ്ക്കണഞ്ഞെൻവസനംഹരിയ്ക്കും
ഇരക്കിലുംതന്നിടുകില്ലപീതാം-
ബരാഖ്യനല്ലന്നുദിഗംബരൻഞാൻ. 12

മുഖത്തിലെന്നല്ലവപുസ്സശേഷം
നഖക്ഷതം പെട്ടബലാകുലത്തിൻ
സഖിത്വമുണ്ടായതുകൊണ്ടുഹാമെയ്-
സുഖത്തിനത്യർത്ഥമണഞ്ഞുനാശം. 13

കഴിഞ്ഞകാൎയ്യങ്ങളിവണ്ണമോതി-
ക്കഴിഞ്ഞിടും മുൻപേയപാരവശ്യാൽ
കുഴഞ്ഞി, വേഗാലവിടന്നുപോകാ-
നുഴന്നുഗോപത്തരുണീസമൂഹം. 14

സ്വകൎണ്ണരന്ധ്രംവഴിയുള്ളിലേറും
മുകുന്ദദുഃഖോക്തികളടിച്ചചിത്തം
തകൎന്നൊരാ നന്ദവധൂടി ഭാവം
പകൎന്നുനിന്നാങ്ങിനെയല്പനേരം. 15

അധഃകരിച്ചാഥതലക്ഷണയ്ക്കും-
ക്രുധപ്പെരുപ്പം ക്ഷമയെക്ഷണത്തിൽ
സുധയ്ക്കുകാംക്ഷിച്ചുവിവേകമെന്യേ
മഥിയ്ക്കുയോ കൃപ, മുരച്ചുവീണ്ടും. 16

തടിച്ചുവൃക്ഷത്തൊടടുത്തുരച്ചാൽ
കടത്തരിപ്പുക്കരികൾക്കു തീരും
ചെടിയ്ക്കടുത്തങ്ങിനെയാചരിച്ചാൽ
മുടിയ്ക്കയല്ലാതുപകാരമുണ്ടോ? 17

അറിഞ്ഞുഞാനീപ്രജമാകമാനം
നിറഞ്ഞ പാരാംഗനമാരെയെല്ലാം
കുറഞ്ഞകാലത്തിനിടയ്ക്കു പക്ഷം
പറിഞ്ഞ പക്ഷിയ്ക്കു സമാനമാക്കാം. 18

പ്രഭാതകാലേപ്രണയാതിരേകാൽ
പ്രഭാകരന്നേറെയടുത്തണഞ്ഞാൽ
വിഭാവരിയ്ക്കുള്ളവസ്ഥയാണീ
സ്വഭാവദൂഷ്യത്തിനതോർമ്മവേണം. 19

മഴയ്ക്കുശമ്പേ! മറതൻ കുഴമ്പേ!
മിഴിക്കുഴമ്പേ! അറിവിൻെറക്കൂമ്പേ!
പിഴച്ചതെന്തെന്നുരചെയ്യണം നി-
ന്നഴൽക്കുഞാൻഗൽഗദമോതിരാധാ. 20

തുടർച്ചയായ് രാധപൊഴിച്ചകണ്ണീർ
തുടച്ചുകൊണ്ടക്കടൽവർണ്ണനോതി
മിടുക്കെഴും നാരികൾ വന്നടുത്താൽ
തടുത്തകറവുന്നിവൾമാത്രമമ്മേ! 21

ശ്രമിക്കുമ്പോൾ, രാധാകദനമകലാനാത്മതനയ-
ന്നമർഷംപോയ് നന്ദപ്രണയിനിപറഞ്ഞുള്ളലിവൊടേ,
ക്ഷമിക്കെന്നുരാധേ! കരയരുതു, നീമൂലമിഹഞാൻ
സമസ്തം തെററിനവരെയിവരനുഷ്ഠിച്ചതധുനാ. 22

അടൽക്കാറാകമാനംകുടുകുടെയൊഴുകും-
ബാഷ്പമായ് പെയ്യുനേരം

പെടക്കന്നീമുഖശ്രീതെളിവൊടുവിലസീ-
ഗാരഭേദ്രൂളനൊപ്പം.
കോടക്കാർവൎണ്ണകാന്തിപ്രചുരിമയൊടനേ-
കണ്ണിന്നാലോലകന്നി-
ട്ടോടിപ്പായ് വീടുപൂകാൻമുഴുമതിയൊടനേ വാനട-
ക്കാനൊരുങ്ങി. 23

---


# അതിശയഫലം ചെയ്യുന്ന അത്ഭുതചികിത്സ.

വിഫലമെന്നു തെളിയിക്കുന്നവൎക്ക് 500 രൂപാ സമ്മാനം.




Messrs. REDDY & CO:,
Gopalapuram P;O,
East Godavary Dist,

ഇരുപതാംനൂറ്റാണ്ടിലെ അപൂൎവ്വമായകണ്ടുപിടിത്തം. മാറാവ്യാധികൾ പോലും സുഖപ്പെടുന്നു. ഏതുതരത്തിലും സ്ഥിതിയിലും ഇരിക്കുന്ന പതിനെട്ടുവിധം കുഷ്ഠരോഗങ്ങളും പാണ്ഡു തുടങ്ങിയ മറ്റെല്ലാ ത്വക്‌രോഗങ്ങളും ഞങ്ങളുടെ അത്യത്ഭുതകരമായ ഔഷധംകൊണ്ടു നിശ്ശേഷം സുഖപ്പെടുന്നതാകുന്നു. ഇതിനകം 40,000 രോഗികളെ സുഖപ്പെടുത്തികഴിഞ്ഞു.

ഉഷ്ണപ്പുണ്ണു തുടങ്ങി ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങളും, ഏതവസ്ഥയിലും സ്ഥിതിയിലുമായിരുന്നാലും അചിരേണ ഭേദപ്പെടുത്താവുന്നതാണ്.

ആൎത്തവസംബന്ധമായും ഗൎഭപാത്രസംബന്ധമായും ഉള്ള എല്ലാ രോഗങ്ങളേയും അല്പകാലത്തിനകം നിശ്ശേഷം സുഖപ്പെടുത്താം.

അധികവിവരങ്ങൾക്കു താഴെക്കാണുന്ന മേൽവിലാസത്തിൽ, ഇംഗ്ലീഷിൽ എഴുതുക.

Messrs. Reddy & Co., (Rega)
Gopalapuram Post,
(Via) Kottapata, East Godavary Dist.

# “മണ്ഡോദരി.”

---

(മലയാളപണ്ഡിതർ, അയ്യനാട്ട് സി. പി. ഗോപാലപിള്ള നെല്ലിമൂട്.

## 3

കളത്രപദപ്രാപ്തി ജീവിതസൌഭാഗ്യത്തിന്റെ പരമപദസ്ഥാനാരോഹണമായി കാമിനിമാർ കണക്കാക്കുന്നു. താരുണ്യമാകുന്ന വസന്തം ആഗതമാകുന്ന സുഷമാവിശേഷം സൌന്ദര്യസൌശീല്യസമ്പൽസമൃദ്ധിയോടുകൂടിയ ഒരു പുരുഷരത്നത്തിന്റെ വാമാങ്കമലങ്കരിക്കുന്നതിനുള്ള യോഗ്യത ഉണ്ടാക്കിത്തീർത്തിരിക്കുന്നതായി ഒരു മിഥ്യാഭിമാനം കന്യകമാക്കുണ്ടാക്കുന്നു—തന്മൂലം സാമാന്യസ്ഥിതിഗതികളോടുകൂടിയ യുവാക്കന്മാർ അവരുടെ പരിഹാസപാത്രങ്ങളാണ്. മുകുളിതാവസ്ഥയിൽനിന്നു വികസിതപ്രായത്തിലെത്തിയിരിക്കുന്ന ഒരു പുഷ്പം ദർശകന്മാക്ക് നയനസുഖത്തേയും സ്പർശകന്മാക്ക് ഘ്രാണസുഖത്തേയും കൊടുക്കുന്നു. എന്നാൽ അതിൽ അന്തർലീനമായിരിക്കുന്ന ഗുണം—അഥവാമധു—ആസ്വദിക്കുന്നതിന് പ്രത്യേകവിരുത് സമ്പാദിച്ച ഭൃംഗങ്ങൾ ചെന്നില്ലെങ്കിൽ ആ പുഷ്പമാകട്ടെ നിരാശമൂലമുണ്ടായ വൈരാഗ്യംകൊണ്ടെന്നു തോന്നത്തക്കവണ്ണം അന്തർസ്ഥിതമായ തേനിനെ ബഹിർഗമിപ്പിക്കുന്നതായി കണ്ടുപോരുന്നുണ്ട്—അനുരൂപമായ അനുഭോഗസ്ഥാനം അവലംബിക്കുമ്പോൾ മാത്രമേ ഒരു വസ്തു സൃഷ്ടിവൈചിത്ര്യം നിഴലിപ്പിക്കുന്നതായി നാം വിചാരിക്കുന്നുള്ളു—പരമശോഭ ചിതറുന്ന ആ പുഷ്പമാകട്ടെ തേൻതുള്ളികളാകുന്ന മുത്തുകളാൽ അലങ്കരിക്കപ്പെട്ടതാണെങ്കിലും ജന്തുവിവർജ്ജിതമായ പ്രദേശം അതിന്റെ ജന്മഭൂമിയാണെന്നു വന്നാൽ ജീവിതസൌഭാഗ്യം അനുഭവിച്ച സൌരഭ്യം പരത്തുവാൻ അതിനു് കഴിയാതെ വരുന്നതാണല്ലോ. ഈ നിലയാണ് യൌവനത്തിന്റെ പ്രാരംഭപ്പടിയിൽ പ്രവേശിച്ചിരിക്കുന്ന ഒരു കന്യകയ്ക്കുമുള്ളത്. ആ വേളയിൽ ഏതു സഹൃദയനും അല്ല കിരീടമണിയുന്ന ശിരസ്സുതന്നെയും തന്നിൽ ആകൃഷ്ടനാണെന്ന് ജീവസന്ധാരണവൃത്തിയിൽ എത്ര താണപടിയിലുള്ള ഒരു കന്യകപോലും അഭിമാനിക്കുന്നുണ്ട്—താരുണ്യം വന്നുദിക്കുന്ന വേളയിൽ ഉണ്ടാകുന്ന ഈ ഗർവ്വ് കന്യകമാരുടെ മനോഗതിക്ക് നാനാമുഖമായ വ്യാപാരശാലകളെ തുറക്കുന്നതായി കണ്ടുപോരുന്നു. എന്നാൽ ഇച്ഛാനുഗതമായ ഒരു സ്ഥാനലാഭമുണ്ടാകാതെ ജീവിതകാലത്തിലെ സൌവർണ്ണഘട്ടമായ യൌവനം സുഖാനുഭവതരളിതയാൽ പ്രശോഭിതമായി തീ

ഭാതിഗിക്കുന്ന ഓരോ നിമിഷവും ഒരു കന്യകയുടെ മനസ്സ് അന്താ
ഗ്നിയിൽ വെന്തുനീറുകയാണ് ചെയ്യുന്നത്. മനസ്സാകുന്ന ശില്പി
യാൽ നിർമ്മിക്കപ്പെട്ട ആശാസൌധം അധിവാസയോഗ്യമാകാതിരി
ക്കുന്ന ദുർദ്ദിവസങ്ങളെ പഴിച്ച് ദുർവിധിയെ ശപിക്കുകയും തന്മൂലമു
ണ്ടാകുന്ന നിരാശ നാൾക്കുനാൾ അവളുടെ അതീതാഗ്രഹങ്ങളെ ഓ
രോപടിവീതം താഴ്ത്തുകയും ചെയ്യുന്നു. ഈ നിലയിൽ സങ്കല്പവും
ശപഥവും നിരാശയുംകൊണ്ട് ശപിച്ചു കഴിക്കുന്ന ദിവസങ്ങളുടെ
ആധിക്യംമൂലം യൌവനത്തിന്റെ ഗണ്യമായ ഒരുഭാഗം പ്രയോജന
ശൂന്യമായി തീരുമ്പോൾ താരുണ്യോദയവേളയിൽ സ്വാഭാവികമായി
അങ്കുരിച്ച ഗർവ്വിനാൽ സ്വയം സംസൃഷ്ടമായ ആശാസൌധത്തിന്റെ
ഏഴാമത്തെ നിലയിൽ രാജകുമാരിയെപ്പോലെ വാഴുന്നതായി അഭിമാ
നിച്ചിരുന്ന ഒരു കന്യക തന്റെ സ്ഥാനം ആ സൌധത്തിന്റെ അ
സ്ഥിവാരത്തേയും അതിക്രമിച്ച ഒരു നിരാശാഗർത്തത്തിലാണെന്ന് വി
ധിക്കുന്നു. ജീവിതസൌഭാഗ്യങ്ങൾ സ്വപ്നസുഖപ്രായമായി തീരുന്ന
ആ വേളയിൽ സാമാന്യസ്ഥിതിഗതികളോടുകൂടിയതെങ്കിലും അ
യ ഒരു കാമുകന്റെ കരലാഭത്തെയാണ് അവൾ കാംക്ഷിക്കുന്നത്.
അതിനും സംഗതിയാകാതെ മനുഷ്യജീവിതത്തെ തന്നെ ശപിച്ച് കാ
ലധർമ്മം പ്രാപിക്കുന്ന നിത്യകന്യകമാരും അനവധിതന്നെ—യൌവ
നോദയവേളയിൽ പരിഗ്രഹിക്കുന്നതിന് പാടുപെട്ട പലരേയും പരി
ഹസിച്ചു പരിത്യജിച്ചതിന്റെ ഫലമായി പരാജയപ്പെട്ട ജീവിതം
സ്വയം വരിച്ചതാണെന്നും അവർ പരിതപിക്കുന്നുണ്ട്. ഈ കൂട്ട
രിൽ ചിലർ യൌവനാന്ത്യവേളകളിൽ ആശകൾക്ക് ഒട്ടും അനുരൂപ
മല്ലാത്ത തരത്തിലുള്ള കാമുകന്മാരെ കൈക്കൊണ്ടു ജീവിച്ചുപോരുന്ന
തായും നാം കാണുന്നു. ഇതിൽ ഗണ്ഡോദരിക്ക് ഏതു സ്ഥാനമാണ്
കല്പിക്കേണ്ടതെന്നു നോക്കാം—

ഒരു സമുദായത്തിലെ വ്യക്തികളിൽ ഭൂരിഭാഗവും സാമാന്യ
സ്ഥിതിഗതികളോടു കൂടിയവരാകുന്നു. തന്മൂലം അവരുടെ ജീവിത
നിർവ്വഹണവും ആശാസമ്പൂരണവും അധിവാസദേശത്തിന്റെ പരി
ധിയെ അധികം അതിക്രമിക്കുന്നില്ല. എന്നാൽ സമുദായത്തിന്റെ
നായകന്മാരെന്നു ഗണിക്കപ്പെട്ടുപോരുന്ന അപൂർവ്വം ചില വ്യക്തിക
ളിൽ മററുചില കാരണങ്ങളാലും ഔൽകൃഷ്ട്യമാരോപിക്കുന്നതിനു
നാം പ്രേരിതന്മാരായിത്തീരുന്നുണ്ട്. വിവാഹം ആഭിജാത്യമുള്ളവരു
മായി വേണമെന്നുള്ളതിനെ എല്ലാ സമുദായക്കാരും കൃത്യമായി അനു
ഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നു. ഉൽകൃഷ്ടകുടുംബങ്ങളിലെ കന്യകമാർക്കു
അവരുടെ ലൌകികമേന്മയ്ക്കനുരൂപമായ വിധത്തിലുള്ള ഭർത്താക്കന്മാരെ
ലഭിക്കുന്നതിന് പലപ്പോഴും വിഷമതകൾ നേരിടാറുണ്ട്. ദാനവശി

ല്പിയായ മയനും തൻെറ പ്രതാപത്തിന് അനുസരണമായ വിധത്തിൽ ഒരുജാമാതാവിനെ ലഭിക്കാതിരുന്നതുകൊണ്ടാണ് യൌവനാരംഭംവന്ന പുത്രിയോടുകൂടി അദ്ദേഹം യോഗ്യപുരുഷരെ തേടിനടന്നതെന്നു വിചാരിക്കണം. താരുണ്യം വന്നുദിച്ച ഒരു പുത്രിയോടുകൂടി പുരുഷരെ തേടിനടക്കുന്ന ഒരു പിതാവു് നമ്മുടെ ഗുണബുദ്ധിയിൽ ഒട്ടുംതന്നെ മതിപ്പാൎജ്ജിക്കാതെ ശുഷ്കപത്രംപോലെ പൊടിഞ്ഞുപോകയാണ് ചെയ്യുന്നതു്. ഈ വൎത്തനം ആത്മാഭിമാനം ഇല്ലാതെ പുരുഷരൂപം പ്രാപിച്ചിട്ടുള്ള ഒരു മനുഷ്യസത്വത്തിൻേറതാണെന്നു പറഞ്ഞു നാം പരസ്യമായി പരിഹസിക്കാനും ഒരുക്കമാണ്. എന്നാൽ കാപട്യമലശം കൂടാതെ നിൎമ്മലമായ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ചു നടത്തിപ്പോരുന്ന ഈദൃശവൎത്തനങ്ങൾക്കു തങ്കംപോലെ മാററുണ്ടെങ്കിലും ഉരുക്കുപോലെ ഉറപ്പുള്ളതായി തോന്നുന്നില്ല. കാപട്യതന്ത്രങ്ങളാൽ സങ്കലിതമായ അന്തൎഗ്ഗതങ്ങൾ യുക്തിക്കനുസരണമായി സങ്കല്പമൂശയിൽനിന്നു പുറത്തുവരുമ്പോൾ തിളങ്ങുന്ന ബാഹ്യകാന്തി നമ്മെ ഭ്രമിപ്പിക്കുന്നു. അതിനാൽ നാമതിൻെറ രൂപം സമ്മതിച്ചുപോകയും ചെയ്യുന്നുണ്ടു്. ദാനശീലത്തെ വെളിപ്പെടുത്തുന്നതിനുവേണ്ടി പലഹാരക്കച്ചവടക്കാർ പ്രഭാതവേളയിൽ പ്രഥമമായി ചുട്ടെടുക്കപ്പെടുന്ന അപ്പത്തെ തുണ്ടുതുണ്ടാക്കി എറിയപ്പെടുമ്പോൾ അതു കൊത്തിപ്പെറുക്കുന്നതിനു അഹമഹമികയാ കാക്കകൾ വന്നുചേരുന്നു. അതുപോലെ ചില സ്ഥാനങ്ങളിൽ വിവാഹമൎത്ഥിച്ചു യുവാക്കന്മാർ ചെന്നുചേരുന്നുണ്ടെങ്കിൽ അതിനുള്ള കാരണം ഇനി വ്യക്തമായി പറയണമെന്നില്ലല്ലോ. ജീവിതനിൎവ്വഹണം അതിവിഷമകരമായിത്തീൎന്നിരിക്കുന്ന ആധുനികകാലത്തു് വിവാഹബന്ധത്തിൽ ഏൎപ്പെട്ടിരിക്കുന്ന യുവാക്കന്മാരിൽ ഒരു ഗണ്യമായഭാഗം ഉപജീവനമാൎഗ്ഗത്തെ ലക്ഷ്യമാക്കിയാണു പരിഗ്രഹിച്ചതെന്നു പറയുമ്പോൾ കന്യകമാരൊ അഥവാ അവരുടെ മാതാപിതാക്കന്മാരൊ പലവിധമാൎഗ്ഗങ്ങളാൽ പ്രലോഭിതന്മാരായി യുവാക്കന്മാരെ വശീകരിച്ചതാണെന്നുള്ള പരമാൎത്ഥം വെളിപ്പെടുന്നതാണ് — എന്നാൽ ഈ മാതിരി വശീകരണവിദ്യകളൊന്നും കൂടാതെ പരമാൎത്ഥം പറഞ്ഞു പുത്രിക്കു് ഒരു വരനെ സമ്പാദിക്കാൻ സഞ്ചരിച്ചിരുന്ന മയൻെറ പ്രവൃത്തിയെ നമുക്കു ഒരു വിധത്തിലും അപലപിക്കുവാൻ പാടില്ലെന്നു വന്നുകൂടുന്നു. അക്കാലത്തു കന്യകമാരെത്തേടി പരിഗ്രഹിക്കുവാൻ സമുലഭരായസംസയോഗ്യപുരുഷന്മാർ ഇന്നത്തെപ്പോലെ ഇല്ലാതിരുന്നതുകൊണ്ടു കന്യകമാൎക്കു അനുരൂപന്മാരായ ഭൎത്താക്കന്മാരെ ലഭിക്കുന്നതിന് അവരോടുകൂടി പിതാക്കന്മാൎക്കു യോഗ്യപുരുഷന്മാരെ തേടി നടക്കേണ്ടതാവശ്യമിരുന്നിരുന്നു. സമ്മാനിക്കപ്പെടുന്ന കന്യകമാരെ കൈക്കൊള്ളുന്നതു ആശ്രിതരക്ഷണ

കൃത്യമായിമാത്രം കരുതിയിരുന്ന പുരാതനപുണ്യപുരുഷന്മാർ ജീവിതത്തിന് ഒരു ലാക്ക സങ്കല്പിച്ചിരുന്നതിനാൽ കാമസമ്പൂരണവിചാരവിശൂന്യതകൊണ്ടു പരിഗ്രഹിക്കപ്പെട്ട കന്യകമാരിൽ പരാങ്മുഖരുമായിരുന്നു. ചിത്തവൃത്തിനിരോധനപരിശീലനം സിദ്ധിച്ചിരുന്ന അവർ പുണ്യസമ്പാദനത്തിനുവേണ്ടി മാത്രമാണു് സന്താനോല്പാദനകൎമ്മം നിർവ്വഹിച്ചിരുന്നതു്.

മണ്ഡോദരിയുടെ ജീവിതകാലം കന്യകമാൎക്ക് സ്വയംവരണത്തിനു സ്വാതന്ത്ര്യമുണ്ടായിരുന്ന ഒരു ഘട്ടമായിരുന്നുവെന്ന് ഇതിഹാസഗ്രന്ഥങ്ങളിൽനിന്നും വെളിവാകുന്നുണ്ടു്. ആ നിലയ്ക്കു പിതാവു കണ്ടുമുട്ടിയ വേളയിൽതന്നെ ഒരപരിചിതന് ആലോചനകൂടാതെ തന്നെ ദാനം ചെയ്യുവാൻ ഒരുങ്ങിയപ്പോൾ ആ പുത്രി മൌനം അവലംബിച്ചിരുന്നതു് എന്തുകൊണ്ടാണെന്നു സന്ദേഹിക്കുന്നവർ ചിലരുണ്ടാകാം—വൃദ്ധന്മാർ ഏറക്കുറെ പരമാൎത്ഥഗതിയെ അറിയാതെ സഞ്ചരിക്കുന്നവരാകകൊണ്ടു് അവർ യുവലോകം അംഗീകരിച്ചിരിക്കുന്ന കപടതന്ത്രങ്ങളിൽപെട്ടു വലഞ്ഞുപോകുന്നതായി കണ്ടുപോരുന്നു. പോരെങ്കിൽ ചിന്താഭാരംകൊണ്ടു തളൎന്ന ഒരു പിതാവിൽ വിവേചനാശക്തിയും വികലമായിരിക്കുന്നതാണു്.

ഹൃഷ്ടികലൎന്നു കൊടുത്താനവനതി—
ദുഷ്ടനായുള്ളവനേതുമറിയാതെ”

എന്നു പറഞ്ഞിരിക്കുന്നതു മേൽപറഞ്ഞ അഭിപ്രായത്തെ ദൃഢീകരിക്കുന്നുമുണ്ടു്. ഒരുകന്യകയുടെ കണ്ണിനു അവൾ വരിക്കപ്പെടേണ്ട പുരുഷൻെറ കുറവുകൾ പ്രഥമദൎശനത്തിൽതന്നെ കണ്ടറിവാനുള്ള ശക്തിയുള്ളതായിട്ടാണു പറഞ്ഞുപോരുന്നതു്. എന്നാലിവിടെ മണ്ഡോദരി ഒന്നും പറഞ്ഞതായി കാണുന്നില്ല. പിതാവിനോടുകൂടി ഘോരവനാന്തരങ്ങളിൽ അലഞ്ഞുനടന്ന അവൾക്കു ഇനിയും അലഞ്ഞു നടന്നു കഷ്ടത അനുഭവിക്കുന്നതിനുള്ള വൈമുഖ്യംകൊണ്ടു് ഗുണമെങ്കിലും ദോഷമെങ്കിലും വരുന്നതു് അനുഭവിച്ചുകൊള്ളാമെന്നു കരുതി കരഗതമായവനെ കൈക്കൊണ്ടതായിരുന്നിരിക്കുമോ? അതല്ലാ

“...........പൌലസ്ത്യനന്ദനൻ
ലങ്കേശനാം ദശഗ്രീവനറിഞ്ഞാലും”

എന്നുള്ള മറുപടി കേട്ടതിൽ അവൾ ഭ്രമിച്ചുപോയി എന്നു വരുമോ? മൃഗയാകുതൂഹലചിത്തനായി അവിടെ ആഗമിച്ചിരിക്കുന്ന രാവണൻെറ സുഭഗത്വം ആ യൌവ്വനംവന്നുദിച്ചവളെ ആകൎഷിക്കാവുന്നതല്ലേ? ഒരു യോഗ്യപുരുഷൻെറ ഭാൎയ്യയായി വനത്തിൽ താമസിച്ചു് ജീവിതവിലാ

സത്തെ പ്രയോജനരഹിതമായി വ്യയം ചെയ്യുന്നതിൽ അവൾക്കു വൈമനസ്യം തോന്നിയിരിക്കുമോ? അതല്ലാ ഭോഗങ്ങളെ യഥേഷ്ടം ഭുജിക്കുന്നതിനു അനുകൂലമായ ലങ്കേശന്റെ കളത്രസ്ഥാനം അവൾക്കു് ആകർഷണീയം ആയിരുന്നിരിക്കുമോ? തന്റെ അഭിവൃദ്ധിയെ മാത്രം ലാക്കാക്കുന്ന പിതാവിന്റെ അഭിപ്രായം അനുസരിക്കേണ്ട കടമ അവൾ ജീവിതാദർശമായി കരുതിയിരുന്നെന്നും വരാവുന്നതാണു്. എന്നാൽ ഇതു അവളിൽ കളിയാടുന്ന പിതൃഭക്തിയുടെ മാഹനീയതയെ വെളിപ്പെടുത്തുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഒരു പുത്രി വിവാഹദിവസം മുതൽക്കാണു് മാതാപിതാക്കന്മാരുടെ നിയന്ത്രണത്തിൽനിന്നും വേർപെടുന്നതു്. അതുവരെയുള്ള കാലം അവളുടെ ജീവിതത്തിലെ പ്രഥമഘട്ടമാകുന്നു, ആ കാലത്തിനിടയ്ക്കു മാതാപിതാക്കന്മാരോടുള്ള കടമ അവൾ നിർവ്വഹിച്ചിരിക്കണം—അനുസരണം കൊണ്ടാണു് അവരെ പ്രീണിപ്പിക്കേണ്ടതു്. സന്താനങ്ങളിൽ കാണുന്ന അനുസരണം അച്ഛനമ്മമാൎക്കു എത്രമാത്രം സന്തോഷമാണു് ഉണ്ടാക്കിത്തീൎക്കുന്നതെന്നുള്ളതിനു കണക്കില്ല. തന്മൂലം അവർ സകലൈശ്വൎയ്യങ്ങളും ആശംസിക്കുന്നു. അവരുടെ ഈവിധമുള്ള ആശംസയൊന്നത്രേ ജീവിതത്തിൽ നമുക്കുള്ള മഹത്തായ ധനം—പിതാവിന്റെ സൎവ്വവിധമായ ആശംസകളോടുംകൂടി ദാമ്പത്യജീവിതത്തിലേയ്ക്കു കാലൂന്നിയ മണ്ഡോദരിയുടെ ജീവിതരീതിയും സ്വഭാവവൈശിഷ്ട്യവുമാണു് ഈ ഉപന്യാസം മുഖേന ഉപരി വിവരിക്കുവാൻ പോകുന്നതു്.

(തുടരും,)


സഹസ്രയോഗം.

(ഭാഷാവ്യാഖ്യാനസഹിതം)

പഴയ പല താളിയോലഗ്രന്ഥങ്ങളും പരിശോധിച്ചു് സാധാരണ സഹസ്രയോഗങ്ങളിലുള്ളതിനേക്കാൾ വിശിഷ്ടങ്ങളായ പല കഷായാദിയോഗങ്ങളും ഭൈഷജ്യരത്നാവലി, ശാർങ്ഗധരം മുതലായ ഗ്രന്ഥങ്ങളിൽനിന്നു ഫലപ്രദങ്ങളായ അനേകം ആസവാരിഷ്ടങ്ങളും ചേർത്തു് അച്ചടിച്ചു തയാറായിരിക്കുന്നു.

പുസ്തകം ഒന്നുക്കു വില അണ 10.

വി. വി. പ്രസ്സ്—കൊല്ലം.

# "പാഴിലാക്കി"

---

(ഗാഥ)

(തേറമ്പിൽ ശങ്കുണ്ണിമേനോൻ.)

ലജ്ജേ! നീയെന്തെന്നോടീവിധം കാണിച്ചു-
തിജ്ജീവി ജീവിച്ചനേരത്തിങ്കൽ.

മാമകപ്രാണനാമദ്ദേഹം വന്നപ്പോ-
ളീമന്ദഭാഗ്യയെ നീ വരിച്ചു.

കാണുവാനുൽക്കണ്ഠയോടുഞാൻ നാളുകൾ
കേണുകഴിക്കുകയായിരുന്നു.

കൂരിരുൾതിങ്ങിയരാത്രിയിൽ പെട്ടെന്നു
ദൂരത്തുകാണുന്നദീപംപോലെ

സന്താപവാരാശിമദ്ധ്യത്തിൽ കാണാകും
സന്തോഷമേകുന്ന ദ്വീപുപോലെ.

മാമകപ്രേമൈകധാമമേ! താവക-
കോമളമേനിഞാൻ കണ്ടു—പക്ഷെ

തെല്ലൊന്നുനോക്കുവാൻ ബാഷ്പമെൻകണ്ണിനു
തെല്ലൊരു സമ്മതി നൽകിയില്ല.

രണ്ടുവാക്കെങ്കിലും മിണ്ടാനെനിക്കെന്റെ
ചുണ്ടനക്കീടുവാൻ പററിയില്ല.

താവകകണ്ഠത്തിലെൻകൈകളർപ്പിപ്പാൻ
കേവലം കാമിതമുണ്ടെന്നാലും

തെല്ലൊന്നനങ്ങുവാൻ ശക്തയായില്ലഞാൻ
തെല്ലെന്റെ കാലുകൾ നീങ്ങിയില്ല.

പ്രേമത്തിൻതോഴിയാണെങ്കിലും ലജ്ജേ! നീ-
ഈ മട്ടിലെന്നെച്ചതിച്ചു; കഷ്ടം!

എന്തിനു-ഞാൻ മന്ദഭാഗ്യയാണല്ലെങ്കി-
ലെന്തിനുനിസ്സന്ദർഭം 'പാഴിലാക്കി.'

---

# കഥകളിപ്രസ്ഥാനം.

---

## (ഒരു പഠനം.)

## 8

(വിദ്വാൻ, ശ്രീവരാഹം ഈ. വേലായുധൻപിള്ള.)

ഗന്ധൎവ്വാംശഭൂതനായി, ഗായകകവിമണിയായി തിരുവിതാംകൂറിലെന്നല്ല ഭാരതം ഒട്ടുക്ക് സ്വകീൎത്തിധാവള്യംകൊണ്ട് പാൽപ്രായമാക്കിയ 'സ്വാതിതിരുനാൾ' തിരുമനസ്സിലെ പ്രീതിയ്ക്കും, പ്രശംസയ്ക്കും, പാത്രീഭൂതരായി ജീവിച്ചിരുന്ന രണ്ടു മഹാകവികളാണ്, വിദ്വാൻ, കോയിത്തമ്പുരാനും, ഇരവിവൎമ്മൻതമ്പിയും. തമ്പി അവർകൾ 985-ാമാണ്ട് തുലാമാസം പൂരുരുട്ടാതിനക്ഷത്രത്തിൽ തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് കിഴക്കേമഠമെന്ന് ഇന്നും പേരുള്ള ഭവനത്തിൽ ജാതനായി. ഇദ്ദേഹത്തിന് നമ്മുടെ രാജവംശവുമായി അടുത്ത ബന്ധമുണ്ട്. ബാല്യത്തിലേതന്നെ അതിബുദ്ധിമാനായിരുന്ന തമ്പി അവർകൾ മൂത്താട്ട്, ശങ്കരൻ ഇളയതിന്റെ ശിഷ്യനായിരുന്ന് കാവ്യനാടകാദികളിൽ അസാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചു. ഇദ്ദേഹം രാജസംബന്ധിയായിരുന്നതിനാൽ അന്നു നാടുവാണിരുന്ന രാമവൎമ്മമഹാരാജാവു് തിരുമനസ്സിലേയും, അദ്ദേഹത്തിന്റെ വിദ്വൽസദസ്സിലുള്ള ഇതരകവികളുടേയും, സംസൎഗ്ഗം ലഭിക്കുന്നതിനിടയാവുകയും; തന്നിമിത്തം കവിതയെഴുതുന്നതിൽ ഔത്സുക്യം ഉണ്ടാകുന്നതിന് സംഗതിവരികയും ചെയ്തു. കൊല്ലം 1031-ാമാണ്ട് തന്റെ 73-ാമത്തെ വയസ്സിൽ മരിക്കുന്നതിനിടയ്ക്ക് സുപ്രസിദ്ധങ്ങളായ മൂന്നാട്ടക്കഥകളും ഒട്ടുവളരെ പദങ്ങളും, ഇദ്ദേഹം നിൎമ്മിച്ചിട്ടുണ്ടായിരുന്നു. കഥകളിഗ്രന്ഥങ്ങളിൽവച്ച്, ഇദ്ദേഹത്തിന്റെ പ്രഥമകൃതിയായി ഇന്നും ഗണിച്ചുപോരുന്നത് 'കീചകവധം' കഥകളിയെ ആകുന്നു. ഇതിനുശേഷമാണ് ഉത്തരാസ്വയംവരവും, ദക്ഷയാഗവും നിൎമ്മിച്ചിട്ടുള്ളത്. ദക്ഷയാഗം അന്ന് ഇളമുറയായിരുന്ന 'ഉത്രംതിരുനാൾ' തിരുമനസ്സിലെ നിദേശത്താൽ രചിച്ചതാണെന്നുള്ളതിന് അതിലെ പ്രഥമപദ്യംതന്നെ സാക്ഷ്യം വഹിക്കുന്നു. വാസനാവിശിഷ്ടനായ തമ്പി അവർകൾ സംസ്കൃതത്തിലും മലയാളത്തിലും അസാമാന്യ പണ്ഡിതനായിരുന്നു. കോട്ടയത്തു തമ്പുരാന്റെ അഭിനയ—വൈശിഷ്ട്യവും, അശ്വതിതിരുനാൾ തിരുമനസ്സിലെ സാഹിത്യപ്രൌഢിയും, ഉണ്ണായിയുടെ സംഗീതരസികതയും, എന്നാൽ ഇവ

ക്ലാക്ലമില്ലാത്ത പ്രസാദഗുണവും തികഞ്ഞ കൃതികൾ ഉണ്ടെങ്കിൽ അതു് ഈ മഹാകവിയുടെ കൃതികൾ തന്നെയാണു്. ആധുനികമണിപ്രവാളരീതിക്കൊപ്പിച്ചു് കവിതയെഴുതിയ കഥകളികർത്താവു് ഇരവിവർമ്മൻതമ്പി അവർകൾ തന്നെയാകുന്നു. അനാവശ്യമായി സംസ്കൃതസുബന്തങ്ങളെ പ്രയോഗിക്കുന്നതിനോ, ഭാഷാനിയമങ്ങളെ ഉല്ലംഘിച്ചു് പദങ്ങളെ സംസ്കൃതീകരിക്കുന്നതിനോ, ശബ്ദാഡംബരത്തിനുവേണ്ടി ക്ലിഷ്ടമാർഗ്ഗങ്ങളെ സ്വീകരിച്ചു് അർത്ഥത്തെ ബലികഴിയ്ക്കുന്നതിനോ, അദ്ദേഹം ഒരുങ്ങീട്ടില്ലെന്നുള്ള സംഗതികളാണു് അദ്ദേഹത്തിൻെറ മൂന്നാട്ടക്കഥയ്ക്കും ഇന്നു് ഭാഷാസാഹിത്യത്തിൽ അനശ്വരമായ ഒരു സ്ഥാനം ലഭിക്കുന്നതിനുള്ള മുഖ്യഹേതുക്കൾ. തമ്പി അവകളുടെ മൂന്നു കൃതികളിലും രചനാസൌഷ്ഠവം, ശബ്ദാർത്ഥഭംഗി എന്നീ ഗുണങ്ങൾ ഒന്നിനൊന്നു് മുന്നിട്ടുതന്നെ നിൽക്കുന്നു. ആട്ടക്കഥകളുടെ പൂർണ്ണലക്ഷണങ്ങൾ ഒത്തിട്ടുള്ളതും ഇദ്ദേഹത്തിൻെറ കൃതികൾക്കുതന്നെ. പച്ച, കത്തി, താടി, നെടുംകത്തി, വട്ടമുടി, കരി, മുതലായ വേഷങ്ങളും, ശൃംഗാരപ്പദങ്ങളും, യുദ്ധകോലാഹലങ്ങളും, അണു് ആട്ടക്കഥകളുടെ ലക്ഷണത്തിനുതകുന്നതെങ്കിൽ അതിനൊന്നിനും ഒരു കുറവും തമ്പി അവർകൾ അദ്ദേഹത്തിൻെറ കൃതികളിൽവരുത്തീട്ടില്ല. അനുകരണരീതികൊണ്ടു് പൊതുവേ കഥകളികൾക്കു് പറയാവുന്ന വല്ല ദോഷങ്ങളും മാത്രമേ തമ്പിയവർകൾക്കും പററിയിട്ടുള്ളു. കേരളീയജനതയ്ക്കു് നിത്യാഭ്യാസത്തിനുതകത്തക്കവിധമുള്ള മണിപ്രവാളരീതിയിൽ താളലയാനുവിദ്ധം, സംഗീതമാധുരിയോടുകൂടിയാണു് ശ്ലോകങ്ങളും പദങ്ങളും നിർമ്മിച്ചിട്ടുള്ളതു്. ശ്ലോകങ്ങൾ മിക്കവാറും സംസ്കൃതത്തിലാണെങ്കിലും അപൂർവ്വം ചില ദിക്കിൽ കാണുന്ന മണിപ്രവാളശുദ്ധി പ്രസ്താവ്യമത്രേ.

"ഏവം പറഞ്ഞവൾ നിറഞ്ഞരുഷാഗമിപ്പാൻ
ഭാവിച്ചിട്ടുന്നസമയേ ഭഗവാൻ മഹേശൻ"

എന്നിങ്ങനെയുള്ളവ ശുദ്ധ മണിപ്രവാളത്തിനും,

"ഇരീരിതവതീശചാരേ കൃതനാതൌഗതേനാരദേ" ഇത്യാദി ശുദ്ധസംസ്കൃതത്തിനും, ഉദാഹരണങ്ങളാകുന്നു. കഥകളികളിൽ മൂന്നിലും പുരാണകഥയിൽനിന്നും വലിയ വ്യത്യാസങ്ങളൊന്നും വരുത്തീട്ടില്ല. അപൂർവ്വം ചിലവ പ്രത്യേക ഉദ്ദേശത്തോടുകൂടി കഥകളിയിൽ പ്രയോഗിച്ചിട്ടുമുണ്ടു്. തമ്പിയവർകളുടെ പ്രഥമകൃതി—

'കീചകവധം'

ആകുന്നു. ശൃംഗാരവീരരസങ്ങൾ പരസ്പരം അങ്ഗാങ്ഗാന്തരമുള്ളവയാണെങ്കിലും, അവയുടെ അംഗാംഗിഭാവേനയുള്ള ഘടനയിൽ ജാത

മാകുന്ന ആസ്വാദ്യത എത്രമാത്രം സഹൃദയാഹ്ളാദകമായിരിക്കുമെന്നുള്ളതിന് കീചകവധം, തന്നെ ഉത്തമദൃഷ്ടാന്തമാകുന്നു. രംഗപരിപുഷ്ടികൊണ്ടും രസോൽക്കർഷംകൊണ്ടും, സംഗീതസാഹിത്യങ്ങളുടെ പ്രസരണംകൊണ്ടും, പ്രസ്തുതകൃതി മെച്ചമേറിയതാകുന്നു. പൂർവ്വികരെ അനുകരിച്ച് പ്രാരംഭത്തിൽ വിരാടനെയും, പത്നിയേയും പ്രവേശിപ്പിച്ച് ഒരു ശൃംഗാരാഭിനയം നടത്തുന്നു.

“യാമിനീകമിതാവിലസുന്നധികം
കാമസിതാതപവാരണംപോലെ
നല്ലൊരുവാപീകാമിനിമാരുടെ
നളിനകരാഞ്ചലമതിലതിചടുലം”

ഇത്യാദി ആരംഭിക്കുന്ന പദം ശൃംഗാരരസികന്മാരെയും, സാഹിത്യരസികന്മാരെയും ഒരുപോലെ ആനന്ദിപ്പിക്കത്തക്ക ശക്തിയുള്ളവയാകുന്നു. വിരാടരാജധാനിയിൽ പ്രവേശിച്ച വേഷപ്രച്ഛന്നരായ പാണ്ഡവന്മാരുടെ വാക്കുകൾ പരാജയവേളയിലും, ഗംഭീരപുരുഷന്മാരുടെ ആത്മാഭിമാനത്തെ പുരസ്കരിച്ചുള്ള മട്ടിൽതന്നെയാണ്. വലലമല്ലന്മാരുടെ ദ്വന്ദ്വയുദ്ധത്തിനായിഉപയോഗിച്ചിരിക്കുന്ന പദം കുറെ നീണ്ടുപോയിട്ടുണ്ട്. എന്നാൽ അരങ്ങിനൊത്തുള്ള ഒരു മേളം അതിനുള്ളതുകൊണ്ട് ദ്രഷ്ടാക്കൾക്ക് മുഷിച്ചിലുണ്ടാകുന്നതുമല്ല.

മല്ലയുദ്ധത്തിനുശേഷമാണ് കീചകവധത്തിലെ കഥ അനുസ്യൂതമായി ഗമിക്കുന്നത്. ആരംഭത്തിൽ — അതായത് കഥാമുഖത്തിൽ — വീരരസത്തെ അനുസന്ധാനം ചെയ്തിട്ട് ഇടയ്ക്ക് ശൃംഗാരത്തെ ഘടിപ്പിച്ചു കഥാഗ്രംഭണം നിർവ്വഹിച്ചിരിക്കുന്നതിൽ രസവിച്ഛേദം. എന്ന ദോഷം സംഭവിക്കാമെങ്കിലും, രസങ്ങളുടെ കാര്യത്തിൽ അംഗാംഗിഭാവമില്ലാത്ത കഥകളിയുടെ കാര്യത്തിൽ അതു ശ്രദ്ധിക്കേണ്ട കാര്യമില്ല.

“മല്ലീശരവില്ലിനൊടുമല്ലിടുന്നനിന്റെ ചില്ലീലതകൊണ്ടിന്നെന്നെ തല്ലീടൊല്ലധന്യേ! കുംഭികുംഭതൊഴും കുചകുംഭയുഗം തന്നിൽ അൻപോടുചേർത്തുകൊൾകരംഭോരുവൈകാതെ” എന്നിങ്ങനെ വിടജനോചിതമായവിധമുള്ള കീചകപ്രമാണിയുടെ അപേക്ഷകളും,

“സാദരംനീചൊന്നൊരുമൊഴിയിതു സാധുവല്ലകുമതേ” ഇത്യാദി—ആ സതീമണിയായ സൈരന്ധ്രിയുടെ പ്രത്യുത്തരങ്ങളും, രംഗത്തിൽ അഭിനയഭംഗിയോടുകൂടി പ്രവഹിക്കുന്നതു കാണേണ്ടതുതന്നെ. കാമാതുരനായ കീചകന്റെ നയവചനങ്ങൾക്ക് സൈരന്ധ്രി അതി

മപ്പെടാതെ മാറുന്നതും, ആ ദുഷ്ടൻ ബലാൽ ഗ്രഹിക്കുന്നതിന് ശ്രമിക്കുന്നതും, ആയ രംഗം ഏതു വിരസനെയും രസിപ്പിക്കാതിരിക്കയില്ല. സോദരൻെറ അഭിലാഷപൂർത്തി വരുത്തുന്നതിനായുള്ള സുദേഷ്ണയുടെ സൂത്രവാക്കുകൾ ശ്രവിച്ച അവസരത്തിൽ സതീമണിയായ ആ മാലിനിക്കുണ്ടാകുന്ന മനോഭാവങ്ങൾ ഒററ ശ്ലോകംകൊണ്ടുമാത്രം കവി പ്രത്യക്ഷമാക്കിയിരിക്കുന്നതു് കഥകളി കാണാതെതന്നെ ആക്കും സ്തോഭം ജനിക്കത്തക്കവിധമാണെന്നുള്ളതിന് യാതൊരു തക്കവുമില്ല,

"ക്ഷോണീന്ദ്രപത്നിയുടെ വാണീംനിശമ്യപുനരേണീവിലോചന നടുങ്ങീ—മിഴിയിണകലങ്ങി—വിവശതയിൽമുങ്ങീ-- പലതടവുമതിനപ്പുനരവളോടുപറഞ്ഞുളവു പരുഷമൊഴികേട്ടുടനടങ്ങീ" എന്നിങ്ങനെയുള്ള ശ്ലോകംപോലെ ഭാവജന്യമായ വേറൊന്ന് കഥകളിസാഹിത്യം മുഴുവൻ പരിശോധിച്ചാലും വിരളമായിരിക്കുകയേയുള്ളൂ. സ്വമന്ദിരത്തിൽ സൈരന്ധ്രിയെ കണ്ടപ്പോഴുള്ള കീചകൻെറ ഭാവഭേദങ്ങളും, വിടത്വപരിപൂർണ്ണമായ അപേക്ഷകളും, ശൃംഗാരനടനങ്ങളും, അതേ അവസരത്തിൽതന്നെ ആ കുലയുവതിയുടെ ഭയപരവശതയും, കാര്യഗൌരവയുക്തമായ വാക്കുകളും, വിഭിന്നമനസ്കരായ സ്ത്രീപുരുഷന്മാരുടെ അസൽസ്വഭാവരീതിയെയാണ് കഥകളികർത്താവു് രംഗമുഖേന പ്രത്യക്ഷപ്പെടുത്തുന്നതു്. നൃത്താഗാരത്തിൽ സ്മരശരപരിഖിന്നനായി പ്രവേശിക്കുന്ന വങ്കപ്പെട്ട കീചകൻെറ പ്രേമരസനിഷ്യന്ദികളായ വചനങ്ങൾ പാത്രസ്വഭാവസംവീക്ഷണപടുവായ കവിയുടെ ഭാവനയെത്തന്നെയാണ് കൂടുതൽ പ്രകാശിപ്പിക്കുന്നതു്.

സംഗീതസാഹിത്യാഭിനയവിഷയങ്ങളിൽ ഒരുപോലെ ഉൽകൃഷ്ടമായി പ്രശോഭിക്കുന്ന കീചകവധം കഥകളി ശൃംഗാരപ്രിയന്മാൎക്കും സാഹിത്യരസികന്മാൎക്കും, ഒരുപോലെ രുചിക്കത്തക്കതത്രേ.

"ഭാഗ്യപൂരവസതേ! ശൃണുമമവാക്യമിന്നൃപതേ" എന്നും—

"സോദരാശൃണുമമവചനം" എന്നും— "മദുരഗമനനയമേദിനികളുടെമൌലേ!—എന്നും "മാനിനിമാർ മൌലിമണേ!"—എന്നും—"ഹരിണാക്ഷീജനമൌലിമണേ!"—എന്നും— ഉള്ള പദങ്ങളിൽ കാണുന്ന സംഗീതരസികത നളചരിതം, രാവണവിജയം എന്നീ കൃതികളിലെ ചില പദങ്ങളെ സസ്പർദ്ധം പോരിനുവിളിക്കയാണോ എന്നു് തോന്നുന്നതാണ്. വലലൻ, മല്ലനേയും, കീചകനേയും എതിരിടുന്ന ഭാഗങ്ങളിൽ കാണുന്ന വീരരസോത്തേജകങ്ങളായ പദങ്ങളുടെ ശബ്ദഭംഗി രംഗസഹൃദയങ്ങളെ എത്രമാത്രം 'തുള്ളിക്കുന്നു' വെന്നു് പറഞ്ഞറിയിക്കാൻ പ്രയാസം.

"കരിപ്രകരമദഭരപ്രശമപടുകരപ്രഹരമറിഞ്ഞിടാതെപോയ്
ഹരിപ്രവരൻതന്നെവനപ്രദേശംതന്നിൽ ഖരപ്രഥനത്തിനു-
വിളിക്കുംപോൽ" —എന്നും—

"ആരെടാ! ഭയംവെടിഞ്ഞു വീരനാകുമെന്നൊടിന്നു പോരിനായി
നിശയിൽവന്നു നേരിടുന്നതോർത്തിടാതെ" എന്നും താളലയാനുവിധം രംഗപുഷ്കലതയെവരുത്തുന്ന യുദ്ധപദങ്ങൾ കീചകവധത്തിൽ ദുർല്ലഭമല്ല.

"സഭാജനവിലോചനൈസ്സമനിപീതരൂപാമൃതാം
സഭാജനകരാംബുജാം സവിധമാഗതാം പാർഷതീം,
സഭാജനപുരസ്സരം സമുപസൃത്യസൂതാത്മജഃ
സഭാജനമഥോ മുദാം സരസമേവമൂചേവചഃ" എന്നുള്ള സൈരന്ധ്രീപരമായ പദ്യംപോലെ അർത്ഥശബ്ദാലങ്കാരമയമായ ഒരു മനോഹരപദ്യം കഥകളി സാഹിത്യത്തിൽ ദുർല്ലഭമേയുള്ളു. പദങ്ങളുടേയും, പദ്യങ്ങളുടേയും, പ്രസാദഗുണവും; കഷ്ടപ്പെടാതെയും, ക്ലിഷ്ടമാർഗ്ഗത്തെ അവലംബിക്കാതെയുമുള്ള പ്രാസഗുണവും; ഉദാരമായ പദബന്ധവും, കീചകവധത്തെ ഉൽകൃഷ്ടതരമാക്കുന്നതിൽ ഇതരകവികൾക്ക് അഭ്യസൂയ ഉണ്ടാകതന്നെ വേണം, കീചകവധത്തെ തുടർന്ന് രചിച്ചിട്ടുള്ളതാണ്—

## ‘ഉത്തരാസ്വയംവരം കഥകളി.

ഉത്തരാസ്വയംവരത്തിൽ പ്രഥമരംഗം വിരാടന്റെയും പത്നിയുടെയും പ്രവേശനമാണ്. ഇവരുടെ ശൃംഗാരപ്പദം കഴിഞ്ഞാൽ ഉടൻതന്നെ ദുര്യോധനനും പത്നിയും പ്രവേശിക്കുന്നു. ഇങ്ങനെ കഥാമുഖം രണ്ടു ശൃംഗാരവർണ്ണനകളാൽ നിറയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് ദ്രഷ്ടാക്കൾക്ക് അല്പം രംഗമുഷിച്ചിലിന് ഹേതുവല്ലയോ എന്ന് സംശയമുണ്ട്. കൽക്കണ്ടമായാലും ഏറെത്തിന്നാൽ ‘മനംമറിപ്പ്'ണ്ടാവുകയില്ലേ?

ദുര്യോധനന്റെയും, പത്നിയുടേയും, പ്രവേശനമായ ദ്വിതീയരംഗം അല്പം ദീർഘമാണെങ്കിലും സംഭോഗശൃംഗാരത്തിന്റെ ശക്തികൂടിയ ഭാവം അതിൽ പ്രസരിച്ചു് കാണുന്നു.

"ഉന്മീലത്പത്രവല്ലീംപൃഥുലകുചഭരാംരാജമാനദ്വിജാളീം
സാന്ദ്രച്ഛായാഭിരാമാംസ്ഫുടരസകുസുമേഷ്വാത്തഗന്ധാംനിതാന്തം
ആരാദാരാമലക്ഷ്മീമപിനിജദയിതാംവീക്ഷ്യവിഭ്രാജമാനാം
കാലേതസ്മിൻകുരൂണാംപതിരിതിമുദിതഃപ്രാഹദുര്യോധനാഖ്യഃ"

ഇത്യാദി ദുര്യോധനൻെറ ഉദ്യാനലീലയെ വർണ്ണിക്കുന്ന പദ്യം അർത്ഥാലങ്കാരരസികതയോടുകൂടിയ ഉത്തമസാഹിത്യംതന്നെ—ശ്ലേഷഗുണംകൊണ്ടു് പ്രസ്തുത് പദ്യം എത്രമാത്രം ചമൽക്കാരജനകമായിരിക്കുന്നുവെന്നു് ഒന്നു ചിന്തിച്ചുനോക്കേണ്ടതാണു്. ശൃംഗാരലീലാലാലസനായ ദുര്യോധനൻ പട്ടമഹിഷിയോടു് രതികുതുകനായിപ്പറയുന്ന വാക്കുകളിൽപ്പോലും ഊറിവരുന്ന സാഹിത്യരസം പദത്തിൻെറ മാധുര്യഗുണത്തേയും ജയിച്ചുനിൽക്കുന്നു.

"വിഭ്രമമെഴുംനിൻെറ കുചവിജിതമാം അഭ്രവാരണഖേദം കാൺകയാൽ അഭ്രവാഹനൻ തൻെറ സന്തോഷം ലഭിപ്പാനായ് സുഭ്രുരത്നമേതന്നനന്ദനവനംതാനോ; കേകിനിൻ മുഖംകണ്ടിട്ടു ചന്ദ്രനെന്നു ചിന്തിച്ചു ഏകാന്തം വിരഹത്തെശങ്കിച്ചിതാ ഏകലോചനംകൊണ്ടു കോപമോടുനിന്നെയും, ശോകമോടപരേണനോക്കുന്നുപതിയെയും" എന്നിങ്ങനെയുള്ള ശൃംഗാരപ്പദത്തിൽ "ഏകലോചനംകൊണ്ടു്...... പതിയേയും" എന്ന പദഭാഗം അതിസമർത്ഥന്മാരായ നടന്മാരെയും നമ്രശിരസ്കരാക്കീട്ടുണ്ടെന്നുള്ള സംഗതി പരമാർത്ഥമാണു്. നടന്മാരുടെ അഹങ്കാരത്തെ ഒന്നു കുറയ്ക്കാനല്ലയോ തമ്പി അവർകൾ ഈ പദസൃഷ്ടി ചെയ്തിട്ടുള്ളതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

ശബ്ദഭംഗികൊണ്ടു് രസഭാവം വരുത്തുന്നതിനുള്ള കവിയുടെ സാമർത്ഥ്യം എത്രയും അഭിനന്ദനീയമാകുന്നു. കൌരവസദസ്സിൽ പ്രവേശിക്കുന്ന ദൂതൻ ദുര്യോധനൻെറ പ്രതാപത്തെ സൂചിപ്പിച്ചു് സ്തുതിചെയ്യുന്ന പദത്തിലെ അദ്യഭാഗം; സംഗീതസാഹിത്യങ്ങളുടെ പ്രത്യക്ഷത്തിലുള്ള മനോഹരതയെ പ്രോജ്വലിപ്പിക്കുന്നു.

"ജയ!ജയ! നാഗകേതനാ! ജഗതീപതേ!" ഇത്യാദി ഊർജ്ജസ്വലതയോടുകൂടിയ, ഒരു ദൂതൻെറ പദം കഥകളിസാഹിത്യത്തിലുണ്ടെങ്കിൽ അതു് 'രാവണവിജയം, കഥകളിയിലെ "യാതുധാനശിഖാമണേ! ശൃണു! രാജരാജനിയോഗം" എന്ന ധനപതി ദൂതൻെറ പദം മാത്രമാകുന്നു. വിരാടപുരിയിൽ ഗോഗ്രഹണത്തിനായി പോകാനുള്ള ആലോചനയിൽ, ദുര്യോധനൻെറ ആജ്ഞാകരനും, ബന്ധുവുമായ ത്രിഗർത്തനും; ദുര്യോധനനുമായുള്ള സംഭാഷണം. താളമേളങ്ങളോടും, ദ്രഷ്ടാക്കളെ രസിപ്പിക്കത്തക്ക ഭാവഗുണത്തോടുംകൂടി പ്രശോഭിക്കുന്നുവെന്നുള്ളതിനു സംശയമില്ല.

"കൌരവേന്ദ്രനമോസ്തുതേ! നൃപതേ! കരവാമികിംവദ
കൈരവപ്രിയകലമണേ!സുമതേ!" ഇത്യാദി പദാവൃത്തിയോടു

കൂടി രണ്ടു ഗംഭീരവേഷങ്ങൾ രംഗത്തിൽവന്നു് പൊടിപെടുത്തുന്നതു് കാണേണ്ടതുതന്നെയാണു്. ത്രിഗർത്തന്റെയും വലലന്റെയും, പോരിനുവിളികൾ ഇതരകവികൾക്കു് അനുകരണീയമായവിധത്തിലാണു് പ്രസ്തുത കൃതിയിൽ പ്രയോഗിച്ചിരിക്കുന്നതു്.

"മൂഢമതേ! രണനാടകമാടുകപാടച്ചരകീടാ......ത്രിഗർത്തനാഥന്റെ ഭുജമഹത്വമറിഞ്ഞിടാതെ തിമിർത്ത്മദത്തൊടുവന്നെതിർത്തനിന്നെ വികർത്തനാത്മജൻ തന്റെ പുരത്തിലയച്ചിടുവൻ കിമർത്ഥം വികത്ഥനങ്ങൾ നിരർത്ഥമഹോ" ഇത്യാദി പദങ്ങൾക്കു തുല്യം രസാനുയോജ്യമായ് വർണ്ണഘടനയോടുകൂടി കഥകളിപ്പദങ്ങൾ നിർമ്മിച്ചിട്ടുള്ളവർ വളരെക്കുറച്ചേയുള്ളൂ.

ഉത്തരനെ സന്തോഷിപ്പിക്കാനായി കന്യകമാർ നടത്തുന്ന നൃത്തം സർവ്വോപരി താളലയഗ്രഹണംകൊണ്ടും, സംഗീതമാധുരികൊണ്ടും ഉൽക്കൃഷ്ടമത്രേ. കഥകളികർത്താക്കന്മാരിൽ പലരും നൃത്തത്തിനായി "കുമ്മികൾ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും ഉത്തരാസ്വയംവരത്തിലെ "വീരാ! വിരാടാ കുമാരാവിഭോ!" ഇത്യാദി തുടങ്ങുന്ന കുമ്മിപോലെ അതിമനോഹരമായ വേറൊന്നു് കഥകളികർത്താക്കന്മാർക്കാർക്കും ഇതുവരെ സൃഷ്ടിക്കുവാൻ സാധിച്ചിട്ടില്ല. അന്തർജ്ജനങ്ങളുടെ ഇടയിൽ മാത്രം പൊണ്ണത്തംപറഞ്ഞു നടക്കുന്ന ഉത്തരന്റെ യുദ്ധയാത്രയും, ബൃഹന്നളയുടെ തേർതെളിപ്പുംപോലെ രസകരമായ ഒരുരംഗം ഉത്തരാസ്വയംവരത്തിലില്ല. അധവഭീരുവും, ബാലനുമായ ഉത്തരന്റെ "പാഹിമാം! വീര! പാഹിമാം"—എന്നിങ്ങനെ താണുവീണുള്ള അപേക്ഷകളും അർജ്ജുനന്റെ ഹാസ്യരസപ്രചുരങ്ങളായ മറുപടികളും, രംഗത്തിൽ അഭിമുഖീകരിക്കുന്നതു് അത്യന്തം രസാവഹമാണു്.

അർജ്ജുനന്റെ ധ്യാനശക്തിയാൽ പ്രത്യക്ഷനായി ധ്വജകേതുവിൽ നിവസിക്കാമെന്നു സമ്മതിക്കുന്ന ശ്രീഹനുമാന്റെ രംഗപ്രവേശം അത്ഭുതരസാവഹമത്രേ. കിരീടിയുടെ പോരിനുവിളികളും യുദ്ധകോലാഹലങ്ങളും കഥകളിയുടെ നിസർഗ്ഗസുന്ദരതയെ ഉദ്ദീപിക്കുകതന്നെ ചെയ്യുന്നു.

യുദ്ധപ്പദങ്ങളിൽ സന്ദർഭാനുസൃതം ഭാഷാപ്രയോഗം ചെയ്യുന്നതിനുള്ള ഔചിത്യബുദ്ധി പദ്യഭാഗത്തിലും തമ്പിയവർകൾ ഉപേക്ഷിച്ചിട്ടില്ല—"താവത് കല്പാന്തകാലോൽക്കടപവനലുഠൽ" എന്ന പദ്യം അതിനു് സാക്ഷ്യംവഹിക്കുന്നു.—രംഗഗ്രഹണത്തെ സംബന്ധിച്ചിടത്തോളം പ്രസ്തുത കൃതിക്കുള്ള മെച്ചം മുൻപു് പറഞ്ഞുകഴിഞ്ഞതല്ലോ—എന്നാൽ അവ കൂടാതെ; ധർമ്മജാതന്റെയും, മാത്സ്യഭൂപതി

യുടേയും ചൂതുകളി, ഉത്തരപശുപാലകസംഭാഷണം, ഇത്യാദി രംഗങ്ങളും അഭിനയഭംഗിക്ക് കുറഞ്ഞവയല്ല.

അന്ത്യപ്രാസം, യമകം, അനുപ്രാസം, കേരളപ്രാസം എന്നീ ശബ്ദാലങ്കാരങ്ങളും, അപഹ്നുതി, ഉൽപ്രേക്ഷ എന്നീ അൎത്ഥാലങ്കാരങ്ങളും പ്രസ്തുത കൃതിയെ കാവ്യഗുണമുള്ളവയാക്കിത്തീൎക്കുന്നു. സംസ്കൃതപദ്യങ്ങളിൽപോലും, ഏകപദിരീതിയതൃതീയപ്രാസങ്ങളും, പ്രത്യേകിച്ചു് കേരളപ്രാസവും, ഉപയോഗിച്ചു് കഥകളി നിൎമ്മിച്ച പ്രഥമകവി, ഇരവിവൎമ്മൻതമ്പിയവർകൾതന്നെയെന്നുവേണം പറയാൻ. പരിശുദ്ധമായ മണിപ്രവാളപദ്യങ്ങളും, മലയാളപദങ്ങളും ഇതിൽ ദുൎല്ലഭമല്ല. തമ്പിയവർകളുടെ ഇതരകൃതികളിൽ കാണുന്നതുപോലുള്ള പദസാരള്യം, പ്രസാദഗുണം, എന്നിവ ഇതിലും കാണുന്നുണ്ടു്. ആധുനികഭാഷാപദ്യങ്ങൾക്കു തുല്യം മണിപ്രവാളശുദ്ധികൊണ്ടു് പരിലസിക്കുന്ന ഉത്തമപദ്യങ്ങൾ പ്രസ്തുത കൃതിയിലും കാണാം. പൊതുവേ പറയുകയാണെങ്കിൽ സംഗീതം, സാഹിത്യം, അഭിനയം, എന്നീ വിഷയങ്ങളിൽ ഉത്തരാസ്വയംവരം മുന്നണിയിൽത്തന്നെ സ്ഥിതിചെയ്യുന്നു.

(തുടരും)

---


## അൽഭുതരാമായണം

ലളിതമലയാളഗദ്യത്തിൽ ഇതാ തയാറായിരിക്കുന്നു.

രാമായണപ്രബന്ധത്തിൻെറ അത്ഭുതരഹസ്യങ്ങൾ അറിയണമെങ്കിൽ, രാമായണപാരായണംതന്നെ സഫലമാകണമെങ്കിൽ, ഈ ദിവ്യഗ്രന്ഥം വായിക്കണം. ഇതു വേദാന്തതത്വരത്നങ്ങൾ നിറയെ പതിച്ച കഥാരൂപമായ ഒരു കനകാഭരണമാണു്. ശതകോടിഗ്രന്ഥമഹാരാമായണത്തിലെ കഥാമാലയിലെ നടുനായകമാണു്. മഹാരാമായണം അത്ഭുതോത്തരഖണ്ഡത്തിൽ 27 സൎഗ്ഗങ്ങളിൽ അടങ്ങിയ പ്രബന്ധമാണു്. അനവധി വിശിഷ്ടവിചിത്രചരിതങ്ങൾ ഇതിൽ വായിക്കാം.

പുസ്തകം ഒന്നുക്കു വില അണ 8.
ടി ലൈബ്രറി പതിപ്പു് ഒന്നുക്കു വില അണ 12
വി. വി. പ്രസ്സ് കൊല്ലം.

# "പാലയമാം"

---

(ഗാഥ)

(തേറമ്പിൽ ശങ്കുണ്ണിമേനോൻ)

കല്യാഭകോലുന്ന കോമളമെയ്യൊത്ത
കല്യാണമേഘമേ! പാലയമാം.
കാളിയൻതൊട്ടുള്ള ദുഷ്ടക്ക്മാനസം
കാളിച്ചദൈവമേ! പാലയമാം.
കില്ലെന്ന്യേ സങ്കടം തെല്ലുമേയുണ്ടാകു-
കില്ലെന്നമട്ടെന്നും പാലയമാം.
കീർത്തനമോരോന്നുപാടിഞാൻ താവക-
കീർത്തിയെവാഴ്ത്തുന്നു, പാലയമാം.
കുന്നിനെപ്പോലും കുടയായ് പിടിച്ച മു-
കുന്ദ! കൃപാലയ!! പാലയമാം.
കൂറാർന്നകൺമുന ചാച്ചൊന്നു നമ്മത്തെ-
ക്കൂറധരിച്ചോനേ! പാലയമാം.
കെട്ടില്ലാതുണ്ടെന്നു തോന്നിക്കും മായയാം
കെട്ടററുപോകുവാൻ പാലയമാം.
കേറിനകോപത്താൽ കാളിയമൌലിയിൽ
കേറിക്കളിച്ചോനേ! പാലയമാം,
കൈവരുത്തേണമെ, കാമിതമെല്ലാമെ
കൈവല്യദാതലേ, പാലയമാം.
കൊണ്ടൽനിറമെഴും കോമള! കൺമുന-
കൊണ്ടെന്നും വേണ്ടപോൽ, പാലയമാം.
കോലുംധരിച്ചുപശുമേച്ചവൻ ഭംഗി-
കോലുന്ന രൂപമേ! പാലയമാം.
കൌതുകമോടോരോലീലയാലാക്കമൂറം-
കൌതുകംചേർത്തോനേ! പാലയമാം,
കഞ്ജാക്ഷിമാരായ ഗോപിമാർ കൂപ്പുന്ന-
കഞ്ജദളാക്ഷ! നീ പാലയമാം,
കണ്ണ! കനിവോലുംവണ്ണം ഭവൽകട-
ക്കണ്ണൊന്നുചാച്ചെന്നും പാലയമാം.

---

# ചാരിത്രം.

---

(പെരുമ്പളം സി. ജി. രാമകൃഷ്ണപ്പണിക്കർ.)

## 1

"എന്തു്! അവൾ ഇത്ര ധിക്കാരിയോ? ആകട്ടെ അവളെ മര്യാദപഠിപ്പിച്ചുകൊടുത്തേക്കാം" എന്നു് തീവ്രശപഥം ചെയ്ത അബ്ദുൽഫാസർഖാൻ തൻെറ സേവകഗണത്തിൽ, അഗ്രഗണ്യനായ ബാസാഖാനെ വരുത്തി "ആ ശവം എവിടെയെങ്കിലും സവാരിപോകുന്നതു കാത്തു് സൂക്ഷിച്ചു പരിചാരികമാരെ പാട്ടിലാക്കിക്കൊള്ളണം" എന്നു കല്പനയും കൊടുത്തു.

അബ്ദുൽഫാസർ ഉത്തരഇൻഡ്യയിലെ അതിപ്രശസ്തമായ ഒരു രാജ്യത്തിലെ പ്രഭുപ്രവീണനാണു്, അനേകലക്ഷം രൂപ അയ്യാളുടെ കാലത്തു് തവിടുപൊടിയാക്കീട്ടുണ്ടു്. മദ്യാരാധനവും മദനരക്ഷസ്സും അയ്യാൾക്കു രണ്ടു സഖാക്കളും, അയ്യാളുടെ ധനത്തിൻെറ ശത്രുക്കളുമായിരുന്നു. രണ്ടോ മൂന്നോ ഭാൎയ്യമാർ സ്വാവസതിയിലുണ്ടു്. പിന്നെ എത്ര എത്ര പേരുണ്ടെന്നു് "അയ്യാൾക്കുതന്നെ അറിഞ്ഞുകൂടാ."

ശ്യാമകുമാരി—അതെ അതായിരുന്നു അവളുടെ പേരു്. ശ്യാമയുടെ പിതാവു് അബ്ദുൽഫാസരെപ്പോലുള്ള ഒരു മനുഷ്യൻതന്നെ! അയ്യാളുടെ പിതാവു് അനേകകോടി രൂപയുടെ സമ്പാദ്യക്കാരനായിരുന്നു. പക്ഷെ വേണുഗോപാലവിജയൻെറ ഭരണം വന്നതോടുകൂടി സൎവ്വവും നശിച്ചു് ഉന്നതമായ ഒരു സൌധവും, അതിൻെറ മതിൽക്കെട്ടുമായി ശേഷിച്ചു. പക്ഷേ അതുതന്നെയുമല്ലാ പതിനൊന്നു കുട്ടികളും ആ ദരിദ്രനായ പിതാവിൻെറ ധൂൎത്തുകാലത്തു് ബ്രഹ്മദേവൻ സമ്മാനിച്ചിരുന്നു. അവരിൽ മൂത്തവളാണു് "ശ്യാമകുമാരി."

പിതാവിൻെറ ആജ്ഞയെ കൈക്കൊള്ളാതെ, തൻെറ സ്വേച്ഛാനുസരണം, വേശ്യാവൃത്തികൊണ്ടു് ജീവിതം നയിച്ചുവന്ന ഒരു ഗൃഹിണിയുടെ പുത്രിയെക്കണ്ടു് ഭ്രമിച്ചുപോയ വേണുഗോപാലൻ അവളെ നിഷ്പ്രയാസം സ്വീകരിച്ചു. വേണു കാഴ്ചയിൽ മിടുക്കനാണു്; അയ്യാളുടെ ശരീരദാർഢ്യവും അഴകുപൊഴിയുന്ന അംഗപ്രത്യംഗങ്ങളും ജീവിതവൃത്തിക്കനുസരിച്ചു് സൃഷ്ടിച്ചതാണെങ്കിലും ഏതോ ഒന്നു് പോരാതെയുണ്ടെന്നു് അയ്യാളുടെ വദനകമലം വിളിച്ചുപറഞ്ഞു. അതേ അതു് അയ്യാളുടെ നിഷ്ഠുരഹൃദയത്തെ കാണിക്കുന്ന ദൃഷ്ടിതന്നേയായിരുന്നു.

മനുഷ്യരേയെല്ലാം സൃഷ്ടിച്ചിരിക്കുന്ന ഘട്ടത്തിൽ വിധാതാവു്

ഓരോരുത്തരേയും ഓരോന്നിനായി ഉദ്ദേശിച്ചിരിക്കും. പക്ഷേ അന്ധനായ മനുഷ്യൻ അവയൊന്നും അറിയാതെ ഏതാണ്ടിലൊക്കെ ഭ്രമിച്ചുപോകുന്നു. ജീവിതഗതിയുടെ അതിദുർഘടമായ രംഗങ്ങളിലെല്ലാം സ്വേച്ഛാനുസരണം കടന്നുകൂടി കൂസലെന്യേ കളിയാടുന്നതിന്ന് വേണ്ട അത്യന്തം സമർത്ഥൻതന്നെ ആയിരുന്നു. മനസ്സാകുന്ന കുതിര മുമ്പു പിമ്പും ഇല്ലാതെ തട്ടിയും തടഞ്ഞും ശീഘ്രഗമനം ചെയ്യുന്നു. ഇടയിടെ വന്നുചേരുന്ന ഈ അനർത്ഥഗർത്തത്തിൽനിന്ന് പിന്തിരിയുന്നതിന്ന് ചിന്തയാകുന്ന കടിഞ്ഞാണൊ ക്ഷമയാകുന്ന കുതിരക്കാരനൊ? അയ്യാളെ തീണ്ടിയിട്ടുപോലുമില്ലായിരുന്നു. ഒന്നിൽ ഭ്രമിക്കുകയും ചിത്രശലഭംകണക്കെ അഗ്നിസ്പർശനത്തിൽ എരിഞ്ഞു കരിയുകയും ചെയ്യും. ഈ തുച്ഛമായ പ്രാണിയും വേണുവും തമ്മിൽ വളരെയൊന്നും വ്യത്യാസമുണ്ടെന്ന് തോന്നുന്നില്ല.

ശ്യാമയുടെ മാതാവാകട്ടെ! തന്റെ മാതാവിന്റെ ഉപദേശമനുസരിച്ച് "സ്മൃതിവചനം" ഉരുവിടാനും ആ "മുത്തശ്ശി" ശാസ്ത്രം ആചാരത്തിൽ അതിനിഷ്ഠയോടെ പാലിക്കാനും തുടങ്ങി. ഇതിൽ ആരാണു കുററക്കാർ! സാധു! രതികുമാരി! ഇതിന്റെ ഗുണദോഷം വല്ലതും അറിയുന്നുണ്ടോ? അവൾ പാപാഗ്നിയുടെ ആകർഷണീയത കണ്ടു് അന്തംവിട്ടു് അതിൽകേറി ചാടിയിരിക്കുകയാണ്. മനസ്സുകരിഞ്ഞു! ആത്മാവു തകർന്നു! ശരീരം ഉണങ്ങിവരളാറായി! എന്നിട്ടും തന്റെ "മുത്തശ്ശി മൊഴി" ആചാരത്തിൽ വരുത്തിക്കൊണ്ടെയിരുന്നു.

രതി മനഃപ്പൂർവ്വഗർവ്വിഷ്ഠയൊന്നുമല്ല. കുടുംബം സംരക്ഷിക്കാൻ പര്യാപ്തമായ ആദായമാർഗ്ഗം തേടിയതിൽ പെട്ടെന്നു കിട്ടിയതു് തന്റെ ചാരിത്രം മാത്രമായിരുന്നു. അവൾ തന്റെ ഭർത്താവിനെ ഏതെങ്കിലും ആദായമാർഗ്ഗത്തിന്—ജോലിചെയ്യുള്ള മാനമായ മാർഗ്ഗത്തിന്—പ്രേരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ ആദ്യമൊന്നും അയ്യാളുടെ ഉള്ളിൽ കൊണ്ടില്ലെങ്കിലും ക്രമേണ ആവശ്യം കണ്ടറിഞ്ഞു. തന്റെ നാട്ടിലെ പ്രഭുപ്രമാണിയായ അബ്ദുൽഖാദറുടെ കാര്യസ്ഥത അയ്യാൾക്ക് നിഷ്പ്രയാസം ലഭിച്ചു!! ഹാ! വിധിമതം ആരുകണ്ടു! മനുഷ്യൻ അവന്റെ ചിത്തവികാരങ്ങളെ കീഴടക്കിയില്ലെങ്കിൽ ചിത്തവികാരം അവനെ നയിച്ചുകൊള്ളും. പക്ഷെ അതിന്റെ ഭയാനകമായ ഫലവും അവൻതന്നെ ആസ്വദിക്കേണ്ടിവരും! അതും ഒരു സുഖമല്ലെ! "ആണെങ്കിൽ അതെ!"

2

വേണുഗോപാലൻ തന്റെ പ്രഭുവിന്റെ കാര്യസ്ഥനായി, അത്യധികമായ വിശ്വസ്തത സമ്പാദിച്ചുകഴിഞ്ഞു. അബ്ദുൽഖാ

നവും വേണുവും രണ്ടല്ല, ഒന്നുതന്നെ! പക്ഷേ അവർ രണ്ടു തടി. അതു ഭേദിക്കാൻമാത്രം അവൾക്കു കഴിഞ്ഞിരുന്നില്ല. ഈ രണ്ടുപേരുടേയും ഐക്യഭാവനയിൽ സഹധർമ്മിണീത്വം രതികുമാരിയും അംഗീകരിച്ചിരുന്നു. ഭർത്തൃപാദങ്ങളെ ശരണീകരിക്കുന്നതു് സ്ത്രീത്വമല്ലേ? അങ്ങിനെയെങ്കിൽ രതിക്കു മാർഗ്ഗം പിഴച്ചുപോയി!!

അബ്ദുൽഖാദർ വേണുവിൻെറ വസതിയിൽ ആതിഥ്യസ്വീകരണത്തിനു എത്താറുണ്ടു്. ഖാദറുടെ സ്വന്തം കാറിൽ ഏതുസമയത്തും സ്വാതന്ത്ര്യമായി ഗമനാഗമനത്തിനു് സാദ്ധ്യമായിത്തീർന്നതിൽ ഈക്കൂട്ടരും ചാരിതാർത്ഥ്യത്തിൻെറ അടിക്കല്ലുമാന്തി. ഈദൃശദശാസന്ധിയിൽ "സ്മൃതികാരി"യായ കുഡുംബഭൈരവി തൻെറ വിജയത്തിൽ ആനന്ദാമൃതം ആസ്വദിച്ചു.

എന്നു മാത്രവുമല്ലാ, തൻെറ പൌത്രിയേയും ആ വഴിക്കു വിടാൻ പലവിധത്തിലും പയററിനോക്കിയിരുന്നു. ശ്യാമ അവയിലൊന്നിലും അത്ര എളുപ്പം പിടി വിട്ടുകൊടുക്കുന്നവളല്ലായിരുന്നു. അവൾ പഠിച്ച പാഠങ്ങളിൽ അത്യന്തം ശ്രദ്ധേയമായ അവളുടെ ഹൃദയാകാശത്തിൽ ചിത്രീകരിച്ചിരുന്നതു് ചാരിത്രത്തിൻെറ മൂർത്തീകരണമായ അരുന്ധതീനക്ഷത്രമായിരുന്നു. ശ്യാമയുടെ ബുദ്ധിഗുണം, ധാരണാശക്തി മുതലായവ കണ്ടുപിടിച്ചു ഒരു നാട്ടുവൈദ്യൻ അവളെ ഏതാണ്ടൊക്കെ വായിക്കാനും, എഴുതാനും പഠിപ്പിച്ചിരുന്നു. ജ്യോതിഷത്തിൻെറ ആദ്യപാഠവും, നക്ഷത്രസ്ഥിതി, അവയുടെ ലക്ഷണം മുതലായവ പഠിപ്പിച്ചകൂട്ടത്തിൽ ഒരു രാത്രിയായിരുന്നു അരുന്ധതീനക്ഷത്രചാരിത്രം ഉദ്ധരിച്ചതു്:—

ശ്യാമ......അങ്ങനേയെങ്കിൽ ചാരിത്രംകൊണ്ടു് എല്ലാവൎക്കും ഉയർച്ച കിട്ടുമോ?

വൈദ്യൻ—തീർച്ചയായും, ചാരിത്രമാണു് മനുഷ്യനെ മനുഷ്യനാക്കുന്നതു്? മറിഞ്ഞു് ജീവിക്കുന്ന മനുഷ്യൻ നശിക്കുന്നതു് അവൻ അറിയുന്നില്ലാ.

ശ്യാമ—അട്ടെ! വൈദ്യരെ അമ്മയും അമ്മൂമ്മയും!!

വൈദ്യൻ—വൈദ്യൻെറ കണ്ണു രണ്ടും നിറഞ്ഞു. ശ്യാമയെ അയ്യാൾ കെട്ടിപ്പുണരുവാൻ ഒരു പിതാവിൻെറ ഹൃദയോദ്വേഗത്തോടെ അടുത്തു. ഉത്തരക്ഷണത്തിൽ "ലോകാപവാദം" എന്നയാളുടെ ചെവിയിൽത്തന്നെ മന്ത്രിച്ചു. ശരി! ശ്യാമേ! അവരെന്തു വേണമെങ്കിലും കാണിക്കട്ടെ! നിൻെറ കാര്യം. നോക്കു്. ചുററും നടക്കുന്നതു് ചിന്തിച്ചു് മനസ്സു "പുണ്ണാക്കരുതു്!!"

ശ്യാമ—വൈദ്യരെ! എനിയ്ക്കൊരു അരുന്ധതിയാകണം.

വൈദ്യൻ—പ്രവൃത്തികൊണ്ടാണ് അങ്ങിനെ വരേണ്ടത്.

ശ്യാമ—അത്രെ! വൈദ്യരന്ന് രാമായണംകഥ പറഞ്ഞതല്ലെ? സീത ഒരു പെണ്ണല്ലെ? ഇന്നത്തെ പെണ്ണുങ്ങൾ—യുവതികൾ—ദേവിയെപ്പോലെ കാട്ടിൽ ഭർത്താവിനോടുകൂടി പോകുമൊ.

വൈദ്യൻ—ഭർത്താവു തന്നെയാണ്! പ്രത്യക്ഷദൈവം എന്നു വിചാരിച്ച് പ്രവർത്തിക്കുന്നവരുമുണ്ട്. പക്ഷെ മറുവശം, പ്രലോഭനങ്ങൾക്കും കൌടില്യങ്ങൾക്കും ഇടംകൊടുക്കാതെ, സത്യം സ്നേഹം, എന്നീ രണ്ടു മഹത്തായ പ്രചോദനം ഭരിച്ചുകൊണ്ടിരിക്കണം. സ്നേഹംകൊണ്ടല്ലാതെ മനുഷ്യത്വം പരിപൂർണ്ണമാക്കാൻ സാദ്ധ്യമല്ല. ഭാര്യയും ഭർത്താവും യഥാർത്ഥമായ സംസ്കാരം സിദ്ധിച്ചവരായിരുന്നാൽ അടിസ്ഥാനം പൂർത്തിയാകുന്നതാണ്.

ശ്യാമ— ചാരിത്രംകൊണ്ടുണ്ടാകുന്ന ഗുണം ചിലതൊക്കെ കേൾക്കട്ടെ.

വൈദ്യൻ—സംസാരമെന്നു പറയുന്നതു് ഒരു വിഷക്കടലാണ്. അതിൽ കിടന്നു മുങ്ങിക്കളിക്കുന്നവരും, മുങ്ങിക്കേറി രക്ഷപ്രാപിക്കുന്നവരും കയ്യും കാലും നനച്ച് ഗുണദോഷമറിയുന്നവരുമായി പലതരക്കാരാണ്. എന്നാൽ അശേഷം ഇറങ്ങാത്തവരും കാണാത്തവരുമുണ്ട്. ഓരോ മനുഷ്യനും അവനവന്റെ വംശാഭിവൃദ്ധിക്കുമാത്രം അതിൽ പ്രവേശിക്കുമെങ്കിൽ മാനസികമായും കായികമായും സാമ്പത്തികമായും പല ഗുണങ്ങളും സിദ്ധിക്കുന്നതാണ്.

ശ്യാമ അതുകട്ടെ! വൈദ്യരേ! ഭർത്താവില്ലാതെ ജീവിക്കാമൊ?

വൈദ്യൻ—സാധിക്കും. പക്ഷെ ഒരു ഗുരുവിന്റെ കീഴിൽ ശിക്ഷപ്പെട്ടു്, ആത്മസംയമനം സാധിക്കുമെങ്കിൽ അങ്ങിനെ ജീവിക്കാം.

ശ്യാമ —എനിക്കു അങ്ങിനെ ജീവിച്ചുകൂടെ?

വൈദ്യൻ—ഓഹോ! ധാരാളം.!

3.

ഡഡ്ജിബാലഗംഗാധരൻ ശുദ്ധചിത്തനായ ഒരു സാധുവാണ്. തന്റെ ഭാര്യയെ ഭരിച്ചുകൊണ്ടുപോകത്തക്ക ശക്തിപോലും അയാൾക്കില്ലായിരുന്നു. ബാല്യകാലവിചാരത്തിൽപ്പെട്ടു ആനന്ദമായി തന്റെ സ്നേഹഭാജനങ്ങളെ ഹൃദയദർപ്പണത്തിൽക്കൂടി നിഴലിച്ചു കണ്ടു. അവരുമായി ക്രീഡിച്ചുല്ലസിച്ചിട്ടുള്ള ബാല്യകാലത്തെ അ[illegible]വം വീണ്ടും വീണ്ടും ചിന്തിച്ച് മനോരാജ്യത്തിലെ കാമുകീകാമുകന്മാരായി സുഖ—സങ്കല്പസുഖം—അനുഭവിച്ചു. ഇല്ലെങ്കിൽ! എന്തിന്!! ഹാ

അവരെ കണ്ടിരുന്നെങ്കിൽ!! ശരിയായ സുഖം—ഈ മാതിരി മനോരാജ്യവിചാരംകൊണ്ട് അസുഖചിത്തയായി ആനന്ദഭായി നാൾ എണ്ണി, വിനാഴിക തട്ടിനീക്കി കാലംകഴിച്ചു.

അവൾക്ക് അവളുടെ ഭർത്താവിനോടുള്ള ആസക്തി ഉടുതുണിക്കു തുല്യം മാറിക്കഴിഞ്ഞു.—അതേ അതു കുറച്ചു ആഴ്ചകൾ മാത്രമേ നിന്നിരുന്നുള്ളു. അവളുടെ കണ്ടമാനം തെണ്ടാടിയിരുന്ന ഹൃദയക്കപ്പലിന് കൊടുങ്കാററിനാൽ ഗംഭീരമായ ഓളം തുള്ളുന്ന ഈ ലോകസമുദ്രമദ്ധ്യത്തിൽ ചുക്കാൻ പിടിക്കാനുള്ള മനഃസ്ഥൈര്യം അശേഷം ഇല്ലായിരുന്നു. സാധു! ബാലഗംഗാധരന്റെ ഹൃദയം ഒരു കൊച്ചുകുട്ടിയുടേതുപോലെ അത്രയ്ക്കു ലളിതമായിരുന്നു. ആനന്ദഭായി! അവളുടെ മനസ്സ് വണ്ടിച്ചക്രംപോലെ ചുഴററിക്കൊണ്ടിരുന്നു. അവളുടെ അഗ്രഹത്തിന്—ഭ്രമങ്ങൾക്ക് താളം പിടിക്കുവാനും അയ്യാൾ സന്നദ്ധമായിരുന്നു.

അന്നൊരുദിവസം ആനന്ദയുടെ മൂത്തമകൾ മോഹനഭായിയുടെ ജന്മനക്ഷത്രമായിരുന്നു. പകൽ സദ്യയും സൽക്കാരവും രാത്രി ആട്ടവും കൂത്തും കൊണ്ട് ആനന്ദഭവനത്തിൽ മേളംതന്നെ ആയിരുന്നു. ആനന്ദയുടെ പകലത്തെ ഭാവം കണ്ടാൽ അവളുടെ വയസ്സിൽ—നാലഞ്ചാറു കുഞ്ഞുങ്ങളുള്ള അവളുടെ വയസ്സിൽ—പകുതിയും പിന്നാട്ടുകടന്നുപോയതായി അവൾക്കു തോന്നിയിരിക്കണം. അവളുടെ അ ഭ്രമം മററുള്ളവരേയും ആകർഷിക്കാൻ കഴിയുന്നപാട്ട് "കഴിച്ചിരുന്നു."

ആനന്ദയെ കണ്ടാൽ അത്യന്തം മനോഹരിയാണ്. അവളുടെ ശരീരകുസുമത്തിന്റെ നീർത്തുള്ളികൾ ഒരുതുള്ളിപോലും ഒലിക്കാതെ നാൾക്കുനാൾ വർദ്ധിക്കുന്നതായി കണ്ണുള്ളവൎക്കു കാണാം. എന്നാൽ മനോഹരിയായ അവൾ ഒരു സുന്ദരിയല്ലെന്ന് തീർത്തുപറയാം. കണ്ണോ അതുപോലെ മററംഗങ്ങളോ മലർശരന്റെ കേളീരംഗമായിരുന്നില്ല. ആരോഗ്യത്തിൽ, ആനന്ദ അഗ്രഗണ്യമായ നില സമ്പാദിച്ചിരുന്നു. അന്നത്തെ പകൽ അവളുടെ നയനത്തിന് "ഭ്രമ"ത്തിനു പുറമെ പാഞ്ഞുകൊണ്ടിരിക്കാനേ നേരമുണ്ടായിരുന്നുള്ളു. ഭ്രമം വല്ലാത്തൊരു രോഗമാണ്. അതിന്റെ ജനയിതാവു്—സമ്പാദകൻ—അലർശരസാമ്രാട്ടമാണ്. മനുഷ്യന്റെ മനഃശക്തിയുടെ കഠിനതയ്ക്കു് എത്രായിരം കാമദേവന്മാരേയും പരാജയപ്പെടുത്തുവാനുള്ള ശക്തിയുണ്ട്. പക്ഷേ അതില്ലെങ്കിൽ ഭ്രമം സഖാതം നേടി സ്മരശരന് കീഴ്പ്പെടുത്തിക്കൊടുക്കുന്നു.

അന്നത്തെ ആതിഥ്യസൽക്കാര ബഹളത്തിൽ "അടിയന്തിരഭരണം" ആനന്ദയുടെ ബാല്യസഖാവായ രതിരമണനുതന്നെ ആയിരു

നു. അനന്ദയുടെ കല്യാണാഘോഷം കഴിഞ്ഞിട്ടു് ഇന്നുവരെ നേരെ നോക്കുകപോലും ചെയ്തിട്ടില്ലാത്ത രതിരമണൻ സ്മരന്റെ കീഴ്‌ചതിയിൽ പെട്ടു്, അനന്ദയുടെ അട്ടിപ്പേറായിത്തീരുകതന്നെ ചെയ്തു. ഇത്രനാളും വിചാരംകൊണ്ടു് പാപാഗ്നിയുടെ കരിംപുക ഏറ്റ അനന്ദ ഇന്നാത്തിയിൽ പെട്ടുപോയി!! മദ്യം ഒരിക്കൽ കുടിച്ചവന് പിന്നെ വിട്ടുപിരിയുവാൻ അസാദ്ധ്യംതന്നെ! ചൂതുകളിയും അപ്രകാരംതന്നെ! ലോകശില്പിയുടെ സാമന്തനായ അനംഗനും, മഹാ കൺകട്ടുകാരനും ഒരിക്കൽ കീഴ്പ്പെട്ടുപോയെങ്കിൽ പിന്നെ രക്ഷനേടുവാൻ പ്രയാസവുമാകുന്നു.

അനന്ദ തന്റെ ബാല്യസഖാവിനെ കൂടക്കൂടെ ക്ഷണിച്ചു വരുത്തി വേണ്ടുന്ന സൽക്കാരാദികൾ ചെയ്യാൻ മടിച്ചില്ല. രതിരമണൻ കാഴ്ചയിൽ അതിയോഗ്യനാണു്. അതെ, പുഷ്പശരന്റെ ഒരു മലർവാടിതന്നെയായിരുന്നു അയ്യാൾ. ജീവിതയുദ്ധത്തിൽ, ഒരിക്കലും പരാജിതനാവാത്ത രതിരമണനും ഒരബലയുടെ കൺകോൺകടാക്ഷത്താൽ നിശ്ശേഷം തോൽവിപറ്റി മനുഷ്യത്വത്തിന്റെ—പൌരുഷത്തിന്റെ മാനം ഹനിച്ചുകളഞ്ഞിരിക്കുന്നു—മനുഷ്യത്വം നശിപ്പിച്ചിരിക്കുന്നു.

4

ഇതിനിടയിൽ ഒന്നു മറന്നുപോയി. ശ്യാമകുമാരിയുടെ നേരെ ഇളയസഹോദരൻ വീരേന്ദ്രവിജയൻ വൈദ്യന്റെ ശിഷ്യനാണു്. അയ്യാൾക്കു് ശ്യാമളയെക്കാൾ രണ്ടുവയസ്സുപ്രായം കുറയും. പതിനെട്ടു് വയസ്സ് പൂർത്തിയായ വീരേന്ദ്രൻ കാവ്യങ്ങളും നാടകങ്ങളും, ചിലതൊക്കെ പഠിച്ചു. മതസംബന്ധമായ കഥകളും അവയുടെ തത്വങ്ങളും അയ്യാളെ ലോകോപകാരിയായ വൈദ്യൻ മനസ്സിലാക്കിയിരുന്നു. കഥകൾ നടന്നതോ അല്ലയോ? എന്തു് നോക്കേണ്ടു? തത്വചിന്താധീനമായ സാഹിത്യമായി പരിഗണിച്ചാൽ മതിയാകും? "ഭാര്യ"യുടെ വാക്കു് ചില ഘട്ടങ്ങളിൽ വേദാന്തത്തെക്കാളും പ്രയോജനകരമായ ഗുണപാഠമായിരിക്കും. ദുരഭിമാനത്തിനു് വേണ്ടി അവയെ പുച്ഛിക്കുന്നതു് പലപ്പോഴും അപത്തിനു് കാരണമായേക്കാം. കാന്താസമാനമായ പുരാണകഥകളും അപ്രകാരംതന്നെ! വേദതത്വങ്ങൾ പൊതിഞ്ഞ ഒരുതരം, "സുഖിയൻ" പലഹാരമാണു് പുരാണം എന്നെല്ലാമാണു് വൈദ്യന്റെ മതോപദേശങ്ങളുടെ മുഖവുര. ഏതായാലും ശ്യാമളയെക്കാൾ വീരേന്ദ്രൻ രണ്ടുപടികൂടി കടന്നുചെല്ലും.

(തുടരും)

# പത്രാധിപക്കുറിപ്പ്.

ഈ ലക്കത്തോടുകൂടി "വിദ്യാഭിവൎദ്ധിനി" അതിന്റെ പതിനഞ്ചാമത്തെ വയസ്സിൽ പ്രവേശിച്ചു കഴിഞ്ഞു. അപമൃത്യു കൂടാതെ ഇത്രകാലം ജീവിച്ചു എന്നല്ലാതെ പ്രായത്തിനൊത്ത വളൎച്ചയാകട്ടെ, ഉള്ള വളൎച്ചയ്ക്കു് അനുസരണമായ അംഗസൌഷ്ഠവമാകട്ടെ ഈ മാസികപ്പെൺകിടാവിനു് ഉണ്ടായിട്ടില്ലെന്നും ഉണ്ടാക്കി കൊടുക്കുവാൻ ഞങ്ങളാൽ സാധിച്ചിട്ടില്ലെന്നും ലജ്ജാസമേതം സമ്മതിക്കുകതന്നെ വേണം. പ്രായപൂൎത്തിവന്ന ഒരു പെൺകിടാവിനെ ഈ വിധം അനാഡംബരയായി പുറത്തിറക്കി വിടുന്നതിൽ ഈയുള്ളവൎക്കുള്ള മനസ്താപം എത്രമാത്രമായിരിക്കുമെന്നു വായനക്കാർ ഊഹിച്ചുകൊള്ളുകയേ വേണ്ടു.

"വിദ്യാഭിവൎദ്ധിനി"യെ നഷ്ടപ്പെട്ടും കഷ്ടപ്പെട്ടുമാണു് ഇങ്ങനെയൊക്കെയെങ്കിലും നടത്തിക്കൊണ്ടുപോകുന്നതു്. ഇതിനുള്ള പ്രധാന കാരണം പത്രബന്ധുക്കളുടെ സഹകരണക്കുറവാണെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. വരിസംഖ്യ ഏററവും ചുരുങ്ങിയ ഒരു ഉറുപ്പികമാത്രമായിരുന്നിട്ടും അതുകൂടെ ബാക്കിയാക്കിയ വായനക്കാർ ഞങ്ങളുടെ പത്രബന്ധുക്കളുടെകൂട്ടത്തിൽ അനേകമുണ്ടു്. മേലിലും അവർ ഈ നയത്തെത്തന്നെയാണു തുടൎന്നു കൊണ്ടുപോകുവാൻ വിചാരിക്കുന്നതെങ്കിൽ ഈ മാസികയുടെ ശുഭോദൎക്കമായ ഭാവി അപ്രതീക്ഷിതമായിത്തന്നെ കിടക്കുകയേ ഉള്ളു. പ്രത്യുത ഞങ്ങളുടെ മാന്യപത്രബന്ധുക്കൾ അല്പമൊന്നു മനസ്സിരുത്തി വേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരുന്ന പക്ഷം മാസികയെ ഒരു നല്ലനിലയിൽ കൊണ്ടുവരുന്നതിന്നു് വേണ്ടതെല്ലാം പ്രവൎത്തിക്കുവാൻ ഞങ്ങൾ സസന്തോഷം തയാറായിരിക്കുന്നതുമാകുന്നു.

ക്രമപ്രകാരം വരിസംഖ്യ അടച്ചും ലേഖനസഹായം ചെയ്തും ഞങ്ങളെ യഥാകാലം പ്രോത്സാഹിപ്പിച്ച എല്ലാബന്ധുക്കളോടും ഞങ്ങൾ ഈ സന്ദൎഭത്തിൽ നന്ദിപറയുകയും മേലിലും അവരുടെ നാനാ പ്രകാരേണയുള്ള സഹായസഹകരണങ്ങളെ സോൽക്കണ്ഠം പ്രതീക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.